

# ഭരണഘടന

- ഇന്ത്യൻ ഭരണഘടന 1949 നവംബർ 26-ന് ഔപചാരികമായി അംഗീകരിച്ചു.
- 1950 ജനുവരി 26-ന് ഇന്ത്യ ഒരു റിപ്പ ബ്ളിക്കായതോടെ നമ്മുടെ ഭരണ ഘടന പ്രാബല്യത്തിൽ വന്നു.
- ലോകത്തിൽ എഴുതപ്പെട്ടിട്ടുള്ളവ യിൽ വച്ച് ഏറ്റവും വലിയ ഭരണഘ ടനയാണ് ഭാരതത്തിനുള്ളത്.
- ഡോ. ഭീമറാവു റാംജി അംബേദ്ക റാണ് ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പി എന്നറിയപ്പെടുന്നത്.
- ഫെഡറൽ പാർലമെന്ററി ഭരണസം വിധാനമുള്ള പരമാധികാര സോഷ്യ ലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലി ക്കാണ് ഇന്ത്യ.
- ഇന്ത്യൻ ഭരണഘടന ഫെഡറൽ സമ്പ്രദായത്തോട് ആഭിമുഖ്യം പ്രക ടിപ്പിക്കുന്നുവെങ്കിലും അടിയന്തരാ വസ്ഥാഘട്ടങ്ങളിലുള്ള കേന്ദ്രീകൃത സ്വഭാവം കണക്കിലെടുത്ത് ഇന്ത്യൻ ഭരണഘടനയെ 'ക്വാസി-ഫെഡറൽ' എന്ന് പറയാറുണ്ട്.
- ക്യാബിനറ്റ് ഭരണസമ്പ്രദായമാണ് മറ്റൊരു സവിശേഷത.



ഇന്ത്യൻ ഭരണഘടനയുടെ ശില്പി
**ഡോ. ബി. ആർ. അംബേദ്ക്കർ**

- ഭരണഘടനയുടെ ആമുഖത്തിൽ 'സോഷ്യലിസം, മതേതരത്വം' എന്നീ ആശയങ്ങൾ ഉൾക്കൊള്ളിച്ചത് 1976-ലെ 42-ാം ഭരണഘടനാ ഭേദഗ തിയിലൂടെയാണ്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഒരിക്കൽ മാത്രമാണ് ഭേദഗതി ചെയ്തിട്ടുള്ളത്.
- ഇന്ത്യൻ ഭരണഘടനയ്ക്ക് 24 ഭാഗ ങ്ങളും 440-ലേറെ അനുച്ഛേദങ്ങളും 12 പട്ടികകളുണ്ട്.

- 18 വയസ്സ് തികഞ്ഞവർക്ക് സമ്മതിദാനാവകാശം ഇന്ത്യൻ ഭരണഘടന ഉറപ്പ് വരുത്തുന്നു.
- ആമുഖം (Preamble) ഇന്ത്യൻ ഭരണഘടനയുടെ ഒരു പ്രത്യേകതയാണ്. ഭരണഘടനയുടെ ലക്ഷ്യങ്ങളും സ്വഭാവവും ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്നു.
- ആറ് മൗലികാവകാശങ്ങൾ ഭരണഘടന ഇന്ത്യൻ പൗരന്മാർക്ക് ഉറപ്പ് നൽകുന്നു. രാഷ്ട്ര നിർദ്ദേശക തത്വങ്ങൾ (Directive Principles of State Policy) ഇന്ത്യൻ ഭരണഘടനയെ വേറിട്ടതാക്കുന്നു. മാർഗ്ഗ നിർദ്ദേശക തത്വങ്ങൾക്ക് ഐറിഷ് ഭരണഘടനയോട് കടപ്പെട്ടിരിക്കുന്നു.
- 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി 'മൗലിക കർത്തവ്യങ്ങൾ' ഉൾക്കൊള്ളുന്ന ഒരു പുതിയ ഭാഗം (IV-A) ഭരണഘടനയിൽ ഉൾപ്പെടുത്തി. സ്വരൻ സിങ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് മൗലിക കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയത്. മുൻ സോവിയററ് ഭരണഘടനയിൽ നിന്നാണ് മൗലിക കർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടന കടമെടുത്തിരിക്കുന്നത്.
- ഇന്ത്യൻ ഭരണഘടന നിലവിൽ വരുമ്പോൾ 395 ആർട്ടിക്കിളുകളാണ് ഉണ്ടായിരുന്നത്. എന്നാൽ നിലവിൽ 444 ആർട്ടിക്കിളുകൾ ഇന്ത്യൻ ഭരണഘടനയിലുണ്ട്.
- പാർലമെന്ററി വ്യവസ്ഥ, ഏക പൗരത്വം എന്നിവ ബ്രിട്ടണിൽനിന്നും കടംകൊണ്ടതാണ് (നിയമനിർമ്മാണം, നിയമവാഴ്ച).
- ഇന്ത്യൻ ഭരണഘടനയുടെ ആമുഖം, മൗലികാവകാശങ്ങൾ, ഇംപീച്ച്മെന്റ് സമ്പ്രദായം മുതലായ ആശയങ്ങൾക്ക് നാം അമേരിക്കൻ ഭരണഘടനയോട് കടപ്പെട്ടിരിക്കുന്നു.
- ഭരണഘടനാഭേദഗതി ചെയ്യൽ ദക്ഷിണാഫ്രിക്കൻ ഭരണഘടനയിൽ നിന്നെടുത്തതാണ്.
- യൂണിയൻ ലിസ്റ്റിനും സ്റ്റേറ്റ് ലിസ്റ്റിനും കനേഡിയൻ ഭരണഘടനയോടും പൊതുലിസ്റ്റ് സമ്പ്രദായത്തിന് (കൺകറന്റ് ലിസ്റ്റ്) ആസ്ട്രേലിയയോടും കടപ്പാടുണ്ട്.
- ഇന്ത്യൻ ഭരണഘടനയെ രൂപപ്പെടുത്തുന്നതിൽ ഏറ്റവും സ്വാധീനം ചെലുത്തിയത് 1935-ലെ ബ്രിട്ടീഷ് ഇന്ത്യയിലെ ഭരണഘടനാ നിയമമാണ്.

### ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിന്റെ വിശേഷണങ്ങൾ

1. 'ഭരണഘടനയുടെ ആത്മാവ്'
2. 'ഭരണഘടനയുടെ താക്കോൽ'
3. 'ഇന്ത്യൻ ഭരണഘടനയുടെ തിരിച്ചറിയൽ കാർഡ്'

**ആമുഖം** (Preamble)

- 'മതേതരത്വ' സങ്കൽപ്പം ആമുഖം വിളംബരം ചെയ്യുന്നു.
- ആമുഖം, ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ്, മതേതരത്വ, ജനാധിപത്യ റിപ്പബ്ളിക്കായി പ്രഖ്യാപിക്കുന്നു.
- 1976-ലെ 42-ാം ഭരണഘടനാഭേദഗതിയിലൂടെ ആമുഖത്തിൽ കൂട്ടിച്ചേർത്ത ആശയങ്ങളാണ് 'സോഷ്യലിസം', 'മതേതരത്വം' എന്നിവ.
- ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഒരിക്കൽ മാത്രമാണ് ഭേദഗതി ചെയ്തിട്ടുള്ളത്.
- താക്കൂർദാസ് ഭാർഗവ് ആണ് ആമുഖത്തെ 'ഭരണഘടനയുടെ ആത്മാവ്' എന്നു വിശേഷിപ്പിച്ചത്.
- ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിന് അമേരിക്കൻ ഭരണഘടനയോട് കടപ്പെട്ടിരിക്കുന്നു.
- ആമുഖത്തിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യസമ്മേളനത്തിൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ചവയാണ്.

- 'ഇന്ത്യയുടെ രാഷ്ട്രീയ ജാതകം' എന്നു കെ.എം. മുൻഷി വിശേഷിപ്പിച്ചത് ആമുഖത്തെയാണ്.
- 1976 -ലെ 42-ാം ഭേദഗതിയിൽ രാഷ്ട്രത്തിന്റെ ഐക്യം എന്നത് രാഷ്ട്രത്തിന്റെ ഐക്യവും അവിഭാജ്യതയും എന്നാക്കി മാറ്റി.
- ആമുഖത്തിൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ലക്ഷ്യങ്ങൾ നാലെണ്ണമാണ് - നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ.

## ഭരണഘടനാ നിർമ്മാണസഭ (Constituent Assembly)

- 1946-ൽ പെത്തിക് ലോറൻസിന്റെ നേതൃത്വത്തിൽ സ്റ്റഫോർഡ് ക്രിപ്സും എ.വി.അലക്സാണ്ടറും അംഗങ്ങളായ ക്യാബിനറ്റ് മിഷന്റെ ശുപാർശ പ്രകാരം ഭരണഘടനാ നിർമ്മാണസഭ രൂപം കൊള്ളുകയും 1947-ൽ ഇത് പരമാധികാരമുള്ള ഇന്ത്യൻ ഭരണഘടനാ സഭയായി മാറുകയും ചെയ്തു.
- നിയമനിർമ്മാണസഭയുടെ ആദ്യത്തെ സമ്മേളനം 1946 ഡിസംബർ 9-ന് ഡോ. സച്ചിദാനന്ദ സിൻഹയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. 1946 ഡിസംബർ 11-ന് ഡോ.രാജേന്ദ്രപ്രസാദിനെ നിയമനിർമ്മാണസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു.
- ഭരണഘടനാ സമിതിയിൽ കേന്ദ്ര ഭരണഘടനാ കമ്മിറ്റി, കേന്ദ്രാധികാര കമ്മിറ്റി, മൗലികാവകാശ കമ്മിറ്റി എന്നിങ്ങനെ ധാരാളം വ്യത്യസ്ത കമ്മിറ്റികൾ ഉണ്ടായിരുന്നു.
- മൗലികാവകാശങ്ങൾ നിർദ്ദേശിച്ചത് സർദാർ വല്ലഭായി പട്ടേൽ അദ്ധ്യക്ഷനായ കമ്മിറ്റി ആയിരുന്നു.



സർദാർ വല്ലഭായി പട്ടേൽ



ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷൻ ഡോ.രാജേന്ദ്ര പ്രസാദ്

- 1947 ആഗസ്റ്റ് 29-ന് ഭീമറാവു അംബേദ്കർ അദ്ധ്യക്ഷനായി കരടു നിർമ്മാണ സഭ രൂപീകരിക്കപ്പെട്ടു. 1948 ഫെബ്രുവരിയിൽ കരട് പ്രസിദ്ധപ്പെടുത്തി.
- 1949 നവംബർ 14-ന് മൂന്നാം വായനയും പൂർത്തിയാക്കിയ കരട് ഭരണഘടന നവംബർ 26-ന് 284 അംഗങ്ങൾ പങ്കെടുത്ത് ഒപ്പിടുകയും അദ്ധ്യക്ഷനായ ഡോ.രാജേന്ദ്രപ്രസാദ് ഭരണഘടന സാധുവായതായി പ്രഖ്യാപിച്ച് ഒപ്പുവയ്ക്കുകയും ചെയ്തു.
- 1950 ജനുവരി 24-ന് ഭരണഘടനാ നിർമ്മാണസഭ അവസാനമായി സമ്മേളിച്ച് ഡോ.രാജേന്ദ്ര പ്രസാദിനെ സ്വതന്ത്ര ഇന്ത്യയുടെ ആദ്യ രാഷ്ട്രപതിയായി തെരഞ്ഞെടുത്തു.
- 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം ലഭിച്ചശേഷം ഭരണഘടനാ സമിതിയിലെ അംഗങ്ങൾ 299 ആയി ചുരുങ്ങി. മുസ്ലീം ലീഗ് അംഗങ്ങൾ വിട്ടുപോയതാണ് കാരണം.
- 1950 ജനുവരി 26-ന് ഭരണഘടന നിലവിൽ വന്നു. ഇത് ഇന്ത്യയെ സ്വതന്ത്ര പരമാധികാര ജനാധിപത്യരാജ്യമായി പ്രഖ്യാപിച്ചു.
- ഭരണഘടനാ നിർമ്മാണസഭയുടെ നിയമോപദേശകനായി നിയമിതനായത് ബി.എൻ. റാവു ആയിരുന്നു.

## ഇന്ത്യൻ ഭരണഘടനയുടെ കടപ്പാടുകൾ

| | |
|---|---|
| മാർഗ്ഗനിർദ്ദേശകതത്വങ്ങൾ | അയർലന്റ് |
| മൗലികാവകാശങ്ങൾ | യു.എസ്.എ. |
| അടിയന്തരാവസ്ഥ | ജർമ്മനി |
| ഭരണഘടനാ ഭേദഗതി | ദക്ഷിണാഫ്രിക്ക |
| മൗലികകർത്തവ്യങ്ങൾ | യു.എസ്.എസ്.ആർ. |
| ഗവർണർ പദവി | ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് |
| കൺകറന്റ് ലിസ്റ്റ് | ആസ്ട്രേലിയ |
| ജുഡീഷ്യൽ റിവ്യൂ | യു.എസ്.എ. |
| പാർലമെന്ററി ജനാധിപത്യം | ബ്രിട്ടൺ |

## ഭാഗങ്ങൾ

**ഭാഗം 1**

അനുച്ഛേദം 1 മുതൽ നാലു വരെ. രാഷ്ട്ര നാമവും രാഷ്ട്ര ഘടക പ്രദേശങ്ങൾ, പുതിയ സംസ്ഥാനങ്ങളുടെ പ്രവേശനം/ സ്ഥാപനം, പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണം, നിലവിലുള്ള സംസ്ഥാനങ്ങളുടെ പേര്, വിസ്തൃതി, അതിര് എന്നിവയിലെ പുനർ നിർണയവും തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**ഭാഗം 2**

അനുച്ഛേദം 5 മുതൽ 11 വരെ വരെയുള്ള വകുപ്പുകൾ പൗരത്വത്തെക്കുറിച്ചുള്ളതാണ്.

**ഭാഗം 3**

മൗലികാവകാശങ്ങളെ (Fundamental Rights) കുറിച്ചുള്ളതാണ് വകുപ്പ് 12 മുതൽ 35 വരെയുള്ളത്. ഭരണഘടനയിലെ 12-ാം വകുപ്പ് സ്റ്റേറ്റിന്റെ നിർവ്വചനം നൽകുന്നു.

ഭരണഘടനയുടെ 14-ാം വകുപ്പ്, 'ഇന്ത്യൻ പ്രദേശത്തിനകത്ത് ഒരാൾക്കും നിയമത്തിന് മുന്നിൽ സമത്വമോ തുല്യമായ നിയമസംരക്ഷണമോ സ്റ്റേറ്റ് നിഷേധിച്ചുകൂടാത്തതാകുന്നു' എന്ന് പ്രഖ്യാപിക്കുന്നു. 17-ാം വകുപ്പ് അയിത്തം നിർത്തലാക്കുകയും ഏതെങ്കിലും വിധത്തിലുള്ള അയിത്താചരണം നിയമമനുസരിച്ച് ശിക്ഷാർഹമായ കുറ്റമാക്കുകയും ചെയ്യുന്നു.

വ്യക്തിസ്വാതന്ത്ര്യത്തിന് ഊന്നൽ നൽകുന്നവയാണ് 19 മുതൽ 22 വരെയുള്ള വകുപ്പുകൾ.

ഇവയിൽ, ഭരണഘടനയനുസരിച്ച് എല്ലാ പൗരന്മാർക്കും ഉറപ്പ് നൽകിയിട്ടുള്ള 'മൗലിക സ്വാതന്ത്ര്യങ്ങൾ' ഉൾക്കൊണ്ട സുപ്രധാന വകുപ്പാണ് 19. ആർട്ടിക്കിൾ 20 വ്യക്ത്യാധിഷ്ടിത പ്രതിരോധത്തെക്കുറിച്ചും 21 വ്യക്തി സ്വാതന്ത്ര്യ സംരക്ഷണത്തെക്കുറിച്ചും 22 അകാരണമായ അറസ്റ്റ്, തടഞ്ഞുവയ്ക്കൽ എന്നിവയിൽ നിന്നുള്ള രക്ഷയെക്കുറിച്ചും പ്രതിപാദിക്കുന്നു.

2002-ൽ 86-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയ അനുഛേദം 21 എ പ്രാഥമിക വിദ്യാഭ്യാസം ഒരു പൗരന്റെ മൗലിക അവകാശമാക്കി മാറ്റി. ആറുമുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ഇതിന് അവകാശമുണ്ട്.

24-ാം വകുപ്പ് പ്രകാരം 14 വയസിന് താഴെയുള്ള കുട്ടികളെ ഏതെങ്കിലും ഫാക്ടറിയിലോ ഖനിയിലോ ജോലിക്ക് നിയോഗിക്കുകയോ മറ്റെന്തെങ്കിലും ആപൽക്കരമായ തൊഴിലിൽ ഏർപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. 25 മുതൽ 28 വരെ വകുപ്പുകൾ മതസ്വാതന്ത്ര്യത്തിനുള്ള അവകാശം ഉൾപ്പെടുത്തിയതാണ്.

29-30 വകുപ്പുകൾ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളെ കുറിച്ചുള്ളതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും നടത്തുന്നതിനും ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള അവകാശം ഉൾക്കൊള്ളിച്ചിരിക്കുന്നു.

**മൗലിക സ്വത്തവകാശം**

അനുഛേദം 31 സ്വത്ത് സമ്പാദിക്കാനുള്ള അവകാശം മൗലികാവകാശമായി വിഭാവന ചെയ്തിരുന്നു. 1978-ൽ 44-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഇത് എടുത്തുകളയുകയും ആർട്ടിക്കിൾ 300 എ പ്രകാരം ഭരണഘടന ഉറപ്പുനൽകുന്ന ഒരു അവകാശമായി നിലനിർത്തുകയും ചെയ്തു.

32 മുതൽ 35 വരെ ഭരണഘടനയിൽ ഇട പെടുന്നതിനുള്ള അവകാശമാണ് പ്രതിപാദിച്ചിട്ടുള്ളത്.

**ഭാഗം 4**

36 മുതൽ 51 വരെയുള്ള വകുപ്പുകൾ ഉൾക്കൊള്ളുന്നതാണ് നിർദ്ദേശക തത്വങ്ങൾ (Directive Principles of State Policy).

36 മുതൽ 51 വരെയുള്ള 16 വകുപ്പുകൾ രാഷ്ട്രത്തിന്റെ സാമ്പത്തികവും സാമൂഹികവും നിയമപരവും വിദ്യാഭ്യാസപരവും അന്തർദ്ദേശീയവുമായ പ്രശ്നങ്ങളെ സമാഹരിച്ചുകൊണ്ട് നിരവധി പ്രമേയങ്ങൾ ഉൾക്കൊള്ളുന്നു.

ഒരു 'ക്ഷേമരാഷ്ട്ര' (welfare state) മായി രാജ്യത്തെ ഉയർത്താൻ ഉദ്ദേശിച്ചുള്ളവയാണ് നിർദ്ദേശക തത്ത്വങ്ങൾ.

**ഭാഗം നാല് എ**

1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി 'മൗലിക കർത്തവ്യങ്ങൾ' ഉൾക്കൊള്ളുന്ന ഒരു പുതിയ ഭാഗം (IV-A) ഭരണഘടനയിൽ ഉൾപ്പെടുത്തി. 51-എ എന്ന അനുച്ഛേദമായിട്ടാണ് മൗലിക കർത്തവ്യങ്ങൾ ഭരണഘടനാ ഭാഗമായി തീർന്നിരിക്കുന്നത്.

**ഭാഗം 5**

യൂണിയൻ ഗവൺമെന്റ് ഭരണസംവിധാനത്തെ കുറിച്ചാണ് ഭാഗം 5-ൽ കൊടുത്തിട്ടുള്ളത്. 52-151 വരെയാണ് വകുപ്പുകൾ.

**ഭാഗം 6**

152 മുതൽ 237 വരെ വകുപ്പുകൾ. സംസ്ഥാനതല ഭരണസംവിധാനത്തെ കുറിച്ചാണ് പ്രതിപാദനം.

**ഭാഗം 7**

അനുച്ഛേദം 238. 1956-ലെ ഏഴാം മാറ്റതിരുത്തലിലൂടെ ഈ ഭാഗം എടുത്തുമാറ്റി.

**ഭാഗം 8**

അനുച്ഛേദങ്ങൾ 239 മുതൽ 241 വരെ രാഷ്ട്രപതി ഭരണ പ്രദേശങ്ങളെക്കുറിച്ചുള്ളതാണ്.

**ഭാഗം 9**

243 മുതൽ 243-O വരെ അനുച്ഛേദങ്ങൾ പഞ്ചായത്തുകളെ കുറിച്ചുള്ളത്.

**ഭാഗം 9 എ**

243 പി മുതൽ 243-ZG വരെ. മുനിസിപ്പാലിറ്റികൾ

**ഭാഗം 10**

അനുച്ഛേദം 244, 244 എ

**ഭാഗം 11**

245 മുതൽ 263 വരെ രാഷ്ട്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ.

**ഭാഗം 12**

264 മുതൽ 300 എ വരെ സാമ്പത്തികം, സ്വത്ത് വക, കരാർ എന്നിവയാണ്.

**ഭാഗം 13**

301 മുതൽ 307 വരെ ഇന്ത്യക്കകത്തെ വ്യാപാരം, വാണിജ്യം, യാത്ര എന്നിവ.

**ഭാഗം 14**

അനുച്ഛേദം 308 മുതൽ 323 വരെ രാജ്യത്തിനും സംസ്ഥാനങ്ങൾക്കും കീഴിലെ സേവനങ്ങൾ.

**ഭാഗം 14 എ**

323 എ, 323 ബി എന്നിവ ട്രിബ്യൂണലുകളെ കുറിച്ചുള്ളതാണ്.

**ഭാഗം 15**

324 മുതൽ 329 എ വരെ പൊതു തെരഞ്ഞെടുപ്പ്.

**ഭാഗം 16**

330 മുതൽ 342 വരെ പ്രത്യേക വിഭാഗങ്ങൾക്കുള്ള പ്രത്യേക സംവരണമാണ്.

**ഭാഗം 17**

343 മുതൽ 351 വരെ ഔദ്യോഗിക ഭാഷകളാണ് പ്രതിപാദിച്ചിരിക്കുന്നത്.

**ഭാഗം 18**

352 മുതൽ 360 വരെ അടിയന്തരമായി നേരിടേണ്ട അവസ്ഥാ വിശേഷങ്ങൾ.

**ഭാഗം 19**

361 മുതൽ 367 വരെ മറ്റു പലവിധ അവസ്ഥാവിശേഷങ്ങൾ.

**ഭാഗം 20**

368-ൽ ഭരണഘടനയിലെ മാറ്റത്തിരുത്തലുകളാണ് പ്രതിപാദിച്ചിട്ടുള്ളത്.

**ഭാഗം 21**

369 മുതൽ 392 വരെ താൽക്കാലിക, മാറ്റങ്ങൾക്ക് വിധേയമാകാവുന്ന, പ്രത്യേക അവസ്ഥാവിശേഷങ്ങൾ.

**ഭാഗം 22**

393 മുതൽ 395 വരെ (ഭരണഘടന) തലക്കെട്ട്, പ്രഖ്യാപനം, ഹിന്ദിയിലേക്കുള്ള പരിവർത്തനം, തിരിച്ചെടുക്കൽ.

## മൗലിക കർത്തവ്യങ്ങൾ

a) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയേയും ദേശീയ ഗാനത്തേയും ആദരിക്കുകയും ചെയ്യുക

b) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹത്തായ ആദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക.

c) ഇന്ത്യയുടെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

d) രാജ്യത്തെ കാത്തുരക്ഷിക്കുകയും ദേശീയ സേവനം നൽകാൻ ആവശ്യപ്പെടുമ്പോൾ നൽകുകയും ചെയ്യുക.

e) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ ഭിന്നതകൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസിന് കോട്ടം വരുത്തുന്ന ആചാരങ്ങളെ പരിത്യജിക്കുക.

f) നമ്മുടെ സഞ്ചിത സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

g) വനങ്ങളും കായലുകളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ലഭ്യമായ പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവജാലങ്ങളോട് കാരുണ്യം കാണിക്കുകയും ചെയ്യുക.

h) ശാസ്ത്രീയ മനോഭാവവും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവവും വികസിപ്പിക്കുക.

i) പൊതുമുതൽ പരിരക്ഷിക്കുകയും ഹിംസ വർജ്ജിക്കുകയും ചെയ്യുക.

j) രാഷ്ട്രം പ്രയത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത മണ്ഡലങ്ങളിലേയ്ക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും ഉത്കൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.

k) 2002-ൽ 86-ാം ഭേദഗതി പ്രകാരം 51 A (k) കൂടി മൗലിക ചുമതലകളോടൊപ്പം കൂട്ടിച്ചേർത്തു. ഇതിൻപ്രകാരം എല്ലാ രക്ഷകർത്താക്കളും കുട്ടികൾക്ക് (6-14 വയസ്സ്) പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടത് അവരുടെ ചുമതലകളാണ്.

# ഭരണഘടനയിലെ ഷെഡ്യൂളുകൾ

- ഇന്ത്യൻ ഭരണഘടന പാസാക്കിയപ്പോൾ 395 വകുപ്പുകളും 8 പട്ടികകളും (ഷെഡ്യൂളുകളും) ഉണ്ടായിരുന്നു. ഇപ്പോൾ 444 വ്യവസ്ഥകളും 12 ഷെഡ്യൂളുകളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.
- **ഒന്നാം ഷെഡ്യൂൾ** – ഇന്ത്യൻ യൂണിയനിലെ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണപ്രദേശങ്ങളെയും കുറിച്ച് പരാമർശിക്കുന്നു.
- **രണ്ടാം ഷെഡ്യൂൾ**– ഇതിന് 5 ഭാഗങ്ങളുണ്ട്.

(1) **ഭാഗം എ**– ഇന്ത്യൻ രാഷ്ട്രപതിയുടെയും സംസ്ഥാന ഗവർണർമാരുടെയും ശമ്പളം, മറ്റ് വേതനങ്ങൾ എന്നിവയെ പരാമർശിക്കുന്നു.

(2) **ഭാഗം ബി**– 1957-ലെ ഏഴാം ഭരണഘടനാ ഭേദഗതിയിലൂടെ, ഇത് ഭരണഘടനയിൽ നിന്നും ഒഴിവാക്കി.

(3) **ഭാഗം സി**– ലോക്സഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, രാജ്യസഭാ ചെയർമാൻ, ലെജിസ്ളേറ്റീവ് കൗൺസിൽ ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ എന്നിവരെ കുറിച്ച് പരാമർശിക്കുന്നു.

(4) **ഭാഗം ഡി**– സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാരുടെ വേതന വ്യവസ്ഥകൾ പരാമർശിക്കുന്നു.

(5) **ഭാഗം ഇ**– ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനെ കുറിച്ച് പരാമർശിക്കുന്നു.

- **മൂന്നാം ഷെഡ്യൂൾ**: സത്യപ്രതിജ്ഞകളും ഉറപ്പുകളും ഉൾക്കൊള്ളുന്നു.
- **നാലാം ഷെഡ്യൂൾ**:– രാജ്യസഭയിൽ ഓരോ സംസ്ഥാനത്തിനും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമുള്ള പ്രാതിനിധ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
- **അഞ്ചാം ഷെഡ്യൂൾ**:– പ്രത്യേക ഭൂവിഭാഗങ്ങളുടെ ഭരണവും നിയന്ത്രണവും സംബന്ധിച്ച വസ്തുതകൾ.
- **ആറാം ഷെഡ്യൂൾ**:– ആസാം, മേഘാലയ, മിസോറാം എന്നീ സംസ്ഥാനങ്ങളിലെ ആദിവാസി മേഖലകളുടെ ഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
- **ഏഴാം ഷെഡ്യൂൾ**:– യൂണിയൻ ലിസ്റ്റ് (97 ഇനങ്ങൾ) സ്റ്റേറ്റ് ലിസ്റ്റ് (66 ഇനങ്ങൾ), കൺകറന്റ് ലിസ്റ്റ് (47 ഇനങ്ങൾ) എന്നിവയെക്കുറിച്ച് പരാമർശിക്കുന്നു.
- **എട്ടാം ഷെഡ്യൂൾ**:– ഭരണഘടന അംഗീകരിച്ചിട്ടുള്ള 22 ഭാഷകൾ ഇതുൾക്കൊള്ളുന്നു. **ആസാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കന്നട, കാശ്മീരി, കൊങ്കണി, മലയാളം, മണിപ്പൂരി, മറാത്തി, നേപ്പാളി, ഒറിയ, പഞ്ചാബി, സംസ്കൃതം, സിന്ധി, തമിഴ്, തെലുങ്ക്, ഉർദു, ബോഡോ, മൈഥിലി, സാന്താലി, ദോഗ്രി** എന്നിവയാണ് 22 ഭാഷകൾ.
- **ഒൻപതാം ഷെഡ്യൂൾ**:– ഭൂമി പതിച്ചുകൊടുക്കൽ, ഭൂനികുതി, റെയിൽവേ, വ്യവസായങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച ഉത്തരവുകളും ആക്ടുകളും. സിവിൽ കോടതികളുടെ പരിധിക്കുള്ളിൽ വരാത്തവയാണിവ.
- **പത്താം ഷെഡ്യൂൾ**:–1985-ലെ 52-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഉൾക്കൊള്ളിച്ച കൂറുമാറ്റ നിരോധന നിയമം.
- **പതിനൊന്നാം ഷെഡ്യൂൾ**:– 1992-ലെ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഉൾക്കൊള്ളിച്ച പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ. പഞ്ചായത്തുകൾക്ക് അധികാരവും അവകാശങ്ങളും ഉള്ള 29 ഇനങ്ങളെപ്പറ്റി ഇതിൽ പ്രതിപാദിക്കുന്നു.
- **പന്ത്രണ്ടാം ഷെഡ്യൂൾ**:– 1992-ലെ 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഉൾക്കൊള്ളിച്ച നഗരപാലിക സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ. ഇതിൻപ്രകാരം മുനിസിപ്പാലിറ്റികൾക്ക് പൂർണ അധികാരവും അവകാശവുമുള്ള 18 ഇനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

## എട്ടാം ഷെഡ്യൂൾ

ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഭരണഘടന അംഗീകരിച്ച ഭാഷകളാണ്. ഒറിജിനൽ ഭരണഘടനയിൽ ഈ പട്ടികയിൽ 14 ഭാഷകളാണ് ഉണ്ടായിരുന്നത്. ആസാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കന്നഡ, കാശ്മീരി, മലയാളം, മറാത്തി, ഒറിയ, പഞ്ചാബ്, സംസ്കൃതം, തമിഴ്, തെലുങ്ക്, ഉറുദു എന്നിവ. 15-ാമത്തെ ഭാഷയായി സിന്ധി 1967-ൽ 21-ാം ഭരണഘടന ഭേദഗതി വഴി ഉൾപ്പെടുത്തി. 1992ലെ 71-ാം ഭേദഗതി വഴി കൊങ്കിണി, മണിപ്പൂരി, നേപ്പാളി എന്നിവ കൂടി ഉൾപ്പെടുത്തിയതോടെ മൊത്തം ഭാഷകളുടെ എണ്ണം 18 ആയി. 92-ാം ഭേദഗതി വഴി ബോഡോ, മൈഥിലി, സാന്താലി, ദോഗ്രി എന്നീ ഭാഷകൾ ഉൾപ്പെടുത്തിയതോടെ മൊത്തം ഭാഷകളുടെ എണ്ണം 22 ആയി. ഇംഗ്ലീഷ് ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഈ പട്ടികയിൽ ഉൾപ്പെട്ട ഭാഷകൾക്കാണ് ജ്ഞാനപീഠ പുരസ്കാരം സമ്മാനിക്കുന്നത്.

## നിർദ്ദേശക തത്ത്വങ്ങൾ
**(Directive Principles of State Policy)**

- നിർദ്ദേശ തത്ത്വങ്ങൾ ഭരണഘടനയുടെ ആമുഖത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മഹത്തായ ആദർശങ്ങളും നേടുന്നതിന് ഇന്ത്യയിലെ ജനങ്ങളെ നയിക്കാനുള്ള വഴിയൊരുക്കുകയുമാണ് ചെയ്യുന്നത്.
- ഭരണഘടനയിലെ 4-ാം ഭാഗം, 36 മുതൽ 51 വരെയുള്ള 16 വകുപ്പുകൾ ഉൾക്കൊള്ളുന്നതാണ് മാർഗ്ഗനിർദ്ദേശക തത്വങ്ങൾ. രാഷ്ട്രത്തിന്റെ സാമ്പത്തികവും സാമൂഹികവും നിയമപരവും വിദ്യാഭ്യാസപരവും അന്തർദ്ദേശീയവുമായ പ്രശ്നങ്ങളെ സമാഹരിച്ചുകൊണ്ട് നിരവധി പ്രമേയങ്ങൾ ഉൾക്കൊള്ളുന്നു.
- മാർഗ്ഗനിർദ്ദേശക തത്ത്വങ്ങൾക്ക് ഐറിഷ് ഭരണഘടനയോട് കടപ്പെട്ടിരിക്കുന്നു.
- ഐറിഷ് ഭരണഘടനാ നിർമ്മാതാക്കൾ സ്പാനിഷ് റിപ്പബ്ളിക്കിന്റെ ഭരണഘടനയിൽ നിന്നാണ് ഈ ആശയം സ്വീകരിച്ചത്. ഭരണഘടനയുടെ ഭാഗമായി നിർദ്ദേശക തത്ത്വങ്ങളെ ആദ്യമായി ഉൾക്കൊള്ളിച്ചത് സ്പാനിഷ് റിപ്പബ്ളിക്കാണ്.
- 37-ാം വകുപ്പ് അനുസരിച്ച് മാർഗ്ഗനിർദ്ദേശക തത്വങ്ങൾ ന്യായവാദത്തിന് അർഹമല്ല (non-justiciable). അതായത് അവ നടപ്പിലാക്കാൻ സുപ്രീംകോടതി ഉൾപ്പെടെയുള്ള ഇന്ത്യൻ കോടതികൾക്കധികാരമില്ല.
- ഒരു ക്ഷേമരാഷ്ട്ര (welfare state) മായി രാജ്യത്തെ ഉയർത്താൻ ഉദ്ദേശിച്ചുള്ളവയാണ് മാർഗ്ഗനിർദ്ദേശക തത്വങ്ങൾ.
- ഗാന്ധിയൻ, ലിബറൽ, സോഷ്യലിസ്റ്റ് തത്ത്വങ്ങൾ ഉൾപ്പെടുന്നതാണ് മാർഗ്ഗ നിർദ്ദേശക തത്ത്വങ്ങൾ.
- ഗോവധ നിരോധനം (ആർട്ടിക്കിൾ 48) ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കൽ (40-ാം അനുച്ഛേദം), ലഹരി പാനീയ ഉപഭോഗം നിയന്ത്രിക്കൽ (47-ാം അനുച്ഛേദം) മുതലായവ ഗാന്ധിയൻ ആശയങ്ങളാണ്.

അലിഖിത ഭരണഘടനയുള്ള രാഷ്ട്രങ്ങൾക്ക് ഉദാഹരണമാണ് ബ്രിട്ടൻ, ഇസ്രായേൽ എന്നിവ. ഇവിടെ ഭരണഘടന സമ്പ്രദായങ്ങളും ദേശാചാരങ്ങളും കീഴ്വഴക്കങ്ങളുമാണ് ഭരണഘടന വിദഗ്ധർക്ക് മാർഗനിർദ്ദേശം നൽകുന്നത്.

# പ്രധാനപ്പെട്ട വകുപ്പുകൾ

(Articles)

ഇന്ത്യൻ ഭരണഘടന നിലവിൽ വരുമ്പോൾ 395 ആർട്ടിക്കിളുകളാണ് ഉണ്ടായിരുന്നത്. എന്നാൽ നിലവിൽ 444 ആർട്ടിക്കിളുകൾ ഇന്ത്യൻ ഭരണഘടനയിലുണ്ട്.

| | |
|---|---|
| വകുപ്പ് 14 | സമത്വത്തിനുള്ള അവകാശത്തെക്കുറിച്ച് (Right to Equality). |
| വകുപ്പ് 17 | അയിത്ത നിർമാർജ്ജനം |
| വകുപ്പ് 18 | ബഹുമതികൾ നിർത്തലാക്കൽ |
| വകുപ്പ് 19 | ആറ് മൗലിക സ്വാതന്ത്ര്യങ്ങൾ |
| വകുപ്പ് 21 | ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം |
| വകുപ്പ് 21 A | പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശം |
| വകുപ്പ് 22 | അറസ്റ്റിനും തടങ്കലിൽ വയ്ക്കുന്നതിനുമെതിരായ അവകാശം |
| വകുപ്പ് 23 | ചൂഷണത്തിനെതിരായ അവകാശം |
| വകുപ്പ് 24 | ബാലവേല നിരോധനം |
| വകുപ്പ് 25-28 | മതസ്വാതന്ത്ര്യത്തിനുള്ള അവകാശം |
| വകുപ്പ് 32 | ഭരണഘടനാപരമായ പ്രതിവിധികൾക്കുള്ള അവകാശം |
| വകുപ്പ് 36-51 | മാർഗ്ഗനിർദ്ദേശക തത്ത്വങ്ങൾ (Directive Principles of State Policy) |
| വകുപ്പ് 40 | പഞ്ചായത്തുകളുടെ രൂപീകരണം |
| വകുപ്പ് 44 | ഏകീകൃത സിവിൽ നിയമം |
| വകുപ്പ് 45 | 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസം അനുവദിക്കുന്ന നിയമം. |
| വകുപ്പ് 51 | അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും സാധ്യമാക്കുക. |
| വകുപ്പ് 51 A | മൗലിക കർത്തവ്യങ്ങൾ |
| വകുപ്പ് 108 | പാർലമെന്റിന്റെ സംയുക്ത സമ്മേളനം വിളിച്ചുകൂട്ടാൻ പ്രസിഡന്റിന് അധികാരം നൽകുന്നു. |
| വകുപ്പ് 123 | ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ പ്രസിഡന്റിന് അധികാരം നൽകുന്നു. |
| വകുപ്പ് 124 | സുപ്രീംകോടതിയെക്കുറിച്ച് പ്രതിപാദിക്കുന്നു. |
| വകുപ്പ് 143 | സുപ്രീംകോടതിയോട് ഉപദേശം ആരായാൻ പ്രസിഡന്റിന് അധികാരം നല്കുന്നു. |
| വകുപ്പ് 226 | റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതിക്ക് അധികാരം നൽകുന്നു. |
| വകുപ്പ് 280 | ധനകാര്യ കമ്മീഷൻ |
| വകുപ്പ് 315 | സംസ്ഥാന PSC യെക്കുറിച്ച് പ്രതിപാദിക്കുന്നു. |
| വകുപ്പ് 324 | ഇലക്ഷൻ കമ്മീഷൻ |
| വകുപ്പ് 331 | ലോക്സഭയിലേക്ക് ആംഗ്ലോ-ഇന്ത്യൻ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യാൻ രാഷ്ട്രപതിക്ക് അനുവാദം നൽകുന്നു. |
| വകുപ്പ് 333 | സംസ്ഥാന നിയമസഭകളിൽ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യാൻ ഗവർണർക്ക് അനുവാദം നൽകുന്നു. |
| വകുപ്പ് 352 | ദേശീയ അടിയന്തരാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നു. |
| വകുപ്പ് 356 | രാഷ്ട്രപതി ഭരണം (സംസ്ഥാനങ്ങളിൽ) |
| വകുപ്പ് 360 | സാമ്പത്തികാടിയന്തരാവസ്ഥ |
| വകുപ്പ് 368 | ഭരണഘടനാ ഭേദഗതിയെക്കുറിച്ച് പ്രതിപാദിക്കുന്നു. |

# മൗലികാവകാശങ്ങൾ
## (Fundamental Rights)

- മൗലികാവകാശങ്ങൾ ഭരണഘടനയുടെ III-ാം ഭാഗത്തിൽ പ്രതിപാദിക്കുന്നു.
- ഇന്ത്യൻ ഭരണഘടന 6 വിധത്തിലുള്ള മൗലികാവകാശങ്ങൾ ഒരിന്ത്യൻ പൗരന് ഉറപ്പ് നൽകുന്നു.

1. സമത്വത്തിനുള്ള അവകാശം (Right to Equality) (ആർട്ടിക്കിൾ 14-18)
2. സ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Freedom) (ആർട്ടിക്കിൾ 19-22)
3. ചൂഷണത്തിനെതിരെയുള്ള അവകാശം (Right against Exploitation) (ആർട്ടിക്കിൾ 23-24)
4. മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Freedom of Religion) (ആർട്ടിക്കിൾ 25-28)
5. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (Cultural & Educational Rights) (ആർട്ടിക്കിൾ 29-30)
6. ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം (Right to Constitutional Remedies) (ആർട്ടിക്കിൾ 32)

- 1978 വരെ സ്വത്തവകാശവും മൗലികാവകാശമായിരുന്നു. എന്നാൽ 1978-ലെ 44-ാം ഭരണഘടനാ ഭേദഗതി, സ്വത്തവകാശത്തെ ഒരു നിയമാവകാശം മാത്രമാക്കിത്തീർത്തു. ഈ ഭേദഗതി നടപ്പിലായ കാലത്ത്, മൊറാർജി ദേശായി പ്രധാനമന്ത്രിയും നീലം സജ്ജീവ റെഡ്ഢി ഇന്ത്യൻ പ്രസിഡന്റുമായിരുന്നു.
- മൗലികാവകാശങ്ങളുടെ സംരക്ഷണാർത്ഥം ഒരു ഇന്ത്യൻപൗരന് സുപ്രീംകോടതിയിൽ നേരിട്ട് കേസ് ഫയൽ ചെയ്യാം.
- മൗലികാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനായി കോടതി പുറപ്പെടുവിക്കുന്ന ഉത്തരവിനെ റിട്ട് എന്നു പറയുന്നു.
  ഭരണഘടന അനുവദിച്ചിട്ടുള്ള മൗലികാവകാശങ്ങളുടെ സംരക്ഷണച്ചുമതല നിക്ഷിപ്തമായിരിക്കുന്നത് സുപ്രീംകോടതിയിൽ
- ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശത്തെയാണ് (Art 32) ഡോ. ബി.ആർ. അംബേദ്ക്കർ 'ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവും' എന്നു വിശേഷിപ്പിച്ചത്.
- പൗരന്മാർക്കും, വിദേശപൗരത്വം ഉള്ളവർക്കും ഒരുപോലെ അനുവദിച്ചിട്ടുള്ള മൗലികാവകാശങ്ങളാണ് ജീവിത സുരക്ഷിതത്വവും വ്യക്തിപരമായ സ്വാതന്ത്ര്യവും.
- മൗലികാവകാശങ്ങൾ പൗരന്മാരുടെ സംരക്ഷണത്തിനു വേണ്ടിയുള്ളതാണ് -
- മൗലികാവകാശങ്ങൾ (ആർട്ടിക്കിൾ 20-21 ഒഴികെ ഉള്ളത്) നിർത്തലാക്കാൻ സാധിക്കുന്നത് അടിയന്തരാവസ്ഥ കാലഘട്ടങ്ങളിലാണ്.
- ഇന്ത്യൻ പ്രദേശത്തിനകത്ത് ഒരാൾക്കും നിയമത്തിനുമുമ്പിൽ സമത്വമോ തുല്യമായ നിയമ സംരക്ഷണമോ സ്റ്റേറ്റ് നിഷേധിച്ചുകൂടാത്തതാകുന്നുവെന്ന് 14-ാം അനുച്ഛേദം പറയുന്നു. പൊതു നിയമനകാര്യങ്ങളിൽ അവസര സമത്വം ഉറപ്പു നൽകുന്നത് 16-ാം അനുച്ഛേദമാണ്.
- അയിത്താചരണം ശിക്ഷാർഹമായ കുറ്റം ആകുന്നത് 17-ാം അനുച്ഛേദപ്രകാരമാണ്. 19-ാം അനുച്ഛേദം വ്യക്തി സ്വാതന്ത്ര്യം ഉറപ്പു തരുന്നു.
- 'മൗലികാവകാശങ്ങളുടെ അടിത്തറ' എന്നറിയപ്പെടുന്നത് 21-ാം അനുച്ഛേദമാണ്.
- 21-ാം അനുച്ഛേദത്തിന്റെ ഭാഗമായി 86-ാം ഭരണഘടനാ ഭേദഗതി പ്രകാരം പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശം മൗലികാവകാശമാക്കി (ആർട്ടിക്കിൾ 21 എ).

# യൂണിയൻ ഗവൺമെന്റ്

## രാഷ്ട്രപതി

- ഇന്ത്യയുടെ പ്രഥമ പൗരനാണ് രാഷ്ട്രപതി.
- ഇന്ത്യയുടെ രാഷ്ട്രത്തലവൻ രാഷ്ട്രപതിയാണ്. യൂണിയൻ ഗവൺമെന്റിന്റെ ഭരണനിർവഹണാധികാരം, രാജ്യ രക്ഷാസേനയുടെ പരമാധികാരം എന്നിവ രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്.
- രാഷ്ട്രപതി യൂണിയൻ എക്സിക്യൂട്ടീവിന്റെ മുഴുവൻ അദ്ധ്യക്ഷനാണ്. രാജ്യരക്ഷാ സേനയുടെ സർവസൈന്യാധിപനാണ് രാഷ്ട്രപതി. അദ്ദേഹം പ്രധാനമന്ത്രിയേയും മന്ത്രിസഭാംഗങ്ങളേയും നിയമിക്കുന്നു.
- പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ ഉപദേശം അനുസരിച്ചുവേണം രാഷ്ട്രപതി പ്രവർത്തിക്കേണ്ടത്. മന്ത്രിസഭയുടെ ഉപദേശം പുന:പരിശോധിക്കാനും രാഷ്ട്രപതിക്ക് ആവശ്യപ്പെടാം. പുന:പരിശോധനയ്ക്ക് ശേഷമുള്ള എന്തു തീരുമാനവും അനുസരിക്കാൻ രാഷ്ട്രപതിക്ക് ബാധ്യതയുണ്ട്.
- അറ്റോർണി ജനറൽ, സുപ്രീംകോടതി ചീഫ് ജസ്റ്റീസും ജസ്റ്റീസുമാർ, ഹൈക്കോടതി ജഡ്ജിമാർ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങൾ, ഇലക്ഷൻ കമ്മീഷണർ, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ, പട്ടികജാതി/പട്ടിക വർഗ/ അധ:കൃത വർഗ/ ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങൾ, ഗവർണർമാർ, യൂണിയൻ പ്രദേശങ്ങളിലെ ചീഫ് കമ്മീഷണർമാർ, ധനകാര്യ കമ്മീഷൻ അംഗങ്ങൾ എന്നിവരെയെല്ലാം നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- വധശിക്ഷ അടക്കം കോടതി ശിക്ഷകൾ ഇളവ് ചെയ്യാനുള്ള അധികാരവും രാഷ്ട്രപതിക്കുണ്ട്.
- ഭരണഘടനയിലെ 53 (1)-ാം അനുച്ഛേദപ്രകാരം യൂണിയന്റെ എക്സിക്യൂട്ടീവ് അധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്.
- രാഷ്ട്രപതിയായി മത്സരിക്കുന്നതിനു വേണ്ട ഏററവും കുറഞ്ഞ പ്രായം 35
- രാഷ്ട്രപതിക്ക് സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കുന്നത് സുപ്രീംകോടതി ചീഫ് ജസ്റ്റിസാണ്.
- ഒരു റിപ്പബ്ളിക് എന്ന നിലയിൽ നമ്മുടെ രാഷ്ട്രത്തലവൻ രാഷ്ട്രപതിയാണ്. തന്റെ അധികാരങ്ങൾ രാഷ്ട്രപതി നിർവ്വഹിക്കുന്നത് പ്രധാനമന്ത്രിയുടെയും മന്ത്രിസഭയുടെയും ഉപദേശപ്രകാരമാണ്.
- രാഷ്ട്രപതിയെ അഞ്ചുവർഷക്കാലത്തേക്കാണ് തെരഞ്ഞെടുക്കുന്നതെങ്കിലും, വീണ്ടും പ്രസ്തുത സ്ഥാനത്തേക്ക് അദ്ദേഹത്തെ പരിഗണിക്കാവുന്നതാണ്.
- ഗവൺമെന്റ് എല്ലാ തീരുമാനങ്ങളും നടപ്പാക്കുന്നത് രാഷ്ട്രപതിയുടെ പേരിലാണ്.
- തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റംഗങ്ങളിൽനിന്ന് പ്രധാനമന്ത്രിയേയും മന്ത്രിസഭയേയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- സംസ്ഥാന ഗവർണർമാർ, അറ്റോർണിജനറൽ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ, ചീഫ് ഇലക്ഷൻ കമ്മീഷണർ, യു.പി.എസ്.സി. ചെയർമാൻ, സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ്, മറ്റുജഡ്ജിമാർ എന്നിവരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- മരണം, രാജി, ഇംപീച്ച്മെന്റ് എന്നീ സാഹചര്യങ്ങളിലാണ് പ്രസിഡന്റ് സ്ഥാനത്തിൽ ഒഴിവ് വരുന്നത്. ഇത്തരത്തിലുണ്ടാകുന്ന ഒഴിവ് 6 മാസക്കാലത്തിനുള്ളിൽ നികത്തണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു.
- പാർലമെന്റ് വിളിച്ചുകൂട്ടുക, നിർത്തിവയ്ക്കുക, പിരിച്ചുവിടുക, തെരഞ്ഞെടുപ്പിനുശേഷമുള്ള ലോകസഭ

## രാഷ്ട്രപതി തെരഞ്ഞെടുപ്പ്

അഞ്ചുവർഷത്തേക്കാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. 35 വയസ് പൂർത്തിയാവുകയും ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യത നേടുകയും ചെയ്ത ഇന്ത്യയിലെ ഒരു പൗരനായിരിക്കണം അദ്ദേഹം. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലോ (സംസ്ഥാന-തദ്ദേശ ഭരണത്തിൻകീഴിലോ) ആദായം പറ്റുന്ന ഉദ്യോഗം വഹിക്കുന്ന ഒരു വ്യക്തിയും രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹനല്ല. രാഷ്ട്രപതി ഒരു പാർലമെന്റംഗമോ, സംസ്ഥാന നിയമസഭാ സാമാജികനോ ആകാൻ പാടില്ല. കൂടാതെ ആദായം ലഭിക്കുന്ന മറ്റൊരു ഉദ്യോഗവും രാഷ്ട്രപതി വഹിച്ചുകൂടാ.

പാർലമെന്റിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സംസ്ഥാന അസംബ്ലിയിലെ തെരഞ്ഞെടുക്കപ്പെട്ട സാമാജികരുമുൾപ്പെട്ട ഒരു ഇലക്ടറൽ കോളേജ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നു. ലോക്സഭയിലെ 543 അംഗങ്ങളും രാജ്യസഭയിലെ 233 അംഗങ്ങളും സംസ്ഥാന നിയമസഭകളിലെ 4120 ജനപ്രതിനിധികളും ഇലക്ടറൽ കോളേജിലെ അംഗങ്ങളാണ്. രാഷ്ട്രപതി തെരഞ്ഞെടുപ്പിന്റെ ചുമതല ഇലക്ഷൻ കമ്മീഷനാണ്.

രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പാർലമെന്റിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗത്തിനുമുള്ള വോട്ടുകളുടെ എണ്ണം, സംസ്ഥാന അസംബ്ലികളിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും കൂടി നൽകപ്പെട്ട മൊത്തം വോട്ടുകളുടെ എണ്ണത്തെ പാർലമെന്റിലെ ഇരുമണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട മൊത്തം അംഗങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ചാണ് കണക്കാക്കുന്നത്. 'സിംഗിൾ ട്രാൻസ്ഫറബിൾ' വോട്ട് വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. രഹസ്യ ബാലറ്റ് വഴിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

യുടെ ആദ്യസമ്മേളനവും, ഓരോ വർഷത്തിലെയും ആദ്യ സമ്മേളനവും, അഭിസംബോധന ചെയ്യുക തുടങ്ങിയവ രാഷ്ട്രപതിയുടെ അധികാരങ്ങളാണ്.

- പാർലമെന്റ് സമ്മേളിക്കാത്ത സന്ദർഭങ്ങളിൽ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്. എന്നാൽ ഈ ഓർഡിനൻസുകൾ അടുത്ത പാർലമെന്റ് സമ്മേളനത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
- കരുതൽ നിധി (കണ്ടിൻജൻസി ഫണ്ട്) പ്രസിഡന്റിന്റെ നിയന്ത്രണത്തിലായതിനാൽ അടിയന്തരഘട്ടങ്ങളിൽ പാർലമെന്റിന്റെ മുൻകൂർ അനുവാദമില്ലാതെ തുക ചെലവഴിക്കാനുള്ള അധികാരവും പ്രസിഡന്റിനുണ്ട്.
- ദേശീയ അടിയന്തരാവസ്ഥ (Art 352), സംസ്ഥാന അടിയന്തരാവസ്ഥ (Art 356), സാമ്പത്തിക അടിയന്തരാവസ്ഥ (Art 360) എന്നിങ്ങനെ മൂന്നു വിധത്തിലുള്ള അടിയന്തരാവസ്ഥയും പ്രഖ്യാപിക്കുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കാണ്.
- പാർലമെന്റിലെ അംഗങ്ങളുടെ അയോഗ്യതയെ സംബന്ധിച്ച് തർക്കമുണ്ടായാൽ തീരുമാനം എടുക്കുന്നത് രാഷ്ട്രപതിയാണ്.
- പാർലമെന്റിലെ ഒരു ബില്ല് നിയമം ആകണമെങ്കിൽ പ്രസിഡന്റിന്റെ ഒപ്പ് വേണം.
- പാർലമെന്റ് പാസാക്കിയ ഒരു ബില്ല് രാഷ്ട്രപതി ഒപ്പുവയ്ക്കാതെ തിരിച്ചുവിടുകയാണെങ്കിൽ അതേ ബില്ല് പാർലമെന്റ് പരിഗണിച്ച് വീണ്ടും രാഷ്ട്രപതിക്ക് വിട്ടാൽ അദ്ദേഹം ഒപ്പുവയ്ക്കാൻ ബാധ്യസ്ഥനാണ്.
- ആർട്ടിക്കിൾ 72 അനുസരിച്ച് വധശിക്ഷ വിധിച്ചവർക്ക് മാപ്പ് നൽകാനുള്ള അധികാരം രാഷ്ട്രപതിക്കാണ്.
- ഇംപീച്ചുമെന്റ് മുഖേന രാഷ്ട്രപതിയെ നീക്കം ചെയ്യാം. (ആർട്ടിക്കിൾ 61)
- രാഷ്ട്രപതി തന്റെ രാജിക്കത്ത് ഉപരാഷ്ട്രപതിക്കാണ് നൽകുന്നത്.

## ശ്രദ്ധേയമായ വസ്തുതകൾ

- ഏറ്റവും കൂടുതൽ കാലം രാഷ്ട്രപതിഭരണത്തിൽ കഴിഞ്ഞ ഇന്ത്യൻ സംസ്ഥാനം പഞ്ചാബാണ്. (അഞ്ചു നദികളുടെ നാടെന്നും ഇന്ത്യയുടെ ധാന്യക്കലവറയെന്നും അറിയപ്പെടുന്നു)
- ഇന്ത്യയിലെ ആദ്യത്തെ ദേശീയ അടിയന്തരാവസ്ഥ (1962-ൽ) പ്രഖ്യാപിച്ച രാഷ്ട്രപതി ഡോ.എസ്.രാധകൃഷ്ണൻ
- ഏറ്റവും കൂടുതൽ കാലം രാഷ്ട്രപതിയായി സേവനം അനുഷ്ഠിച്ചത് ഡോ. രാജേന്ദ്രപ്രസാദ് (ഇദ്ദേഹം ആദ്യ രാഷ്ട്രപതിയുമായിരുന്നു)
- എതിരില്ലാതെ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രപതി നീലം സഞ്ജീവറെഡ്ഡി
- ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ രാഷ്ട്രപതി നീലം സഞ്ജീവറെഡ്ഡി
- ലോക്സഭ സ്പീക്കർ പദം അലങ്കരിച്ച ഇന്ത്യൻ രാഷ്ട്രപതി നീലം സഞ്ജീവറെഡ്ഡി
- ഏറ്റവും പ്രായംകൂടിയ ഇന്ത്യൻ രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ
- ഏറ്റവും കൂടുതൽ ഭൂരിപക്ഷം നേടിയ ഇന്ത്യൻ രാഷ്ട്രപതി കെ. ആർ. നാരായണൻ
- ദളിത് വിഭാഗത്തിൽ നിന്നുമുള്ള ആദ്യരാഷ്ട്രപതി കെ. ആർ.നാരായണൻ
- 1971 - ലെ അടിയന്തരാവസ്ഥാ സമയത്തെ ഇന്ത്യൻ രാഷ്ട്രപതി വി.വി. ഗിരി
- കേരളത്തിൽ ഗവർണർപദം അലങ്കരിച്ചിട്ടുള്ള രാഷ്ട്രപതി വി.വി.ഗിരി
- ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിൽ രാഷ്ട്രപതിയായത് വി.വി. ഗിരി
- ഇന്ത്യയിലെ ആദ്യ ആക്ടിംഗ് പ്രസിഡന്റ് വി.വി.ഗിരി
- 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ്
- കേരളത്തിന് 'പത്തിന കർമ്മപരിപാടി' സംഭാവന നൽകിയ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം
- അഗ്നിച്ചിറകുകൾ (Wings of Fire) രചിച്ച ഇന്ത്യൻ രാഷ്ട്രപതി - എ.പി.ജെ. അബ്ദുൾ കലാം
- വിഭജിക്കപ്പെട്ട ഇന്ത്യ (India Divided) ഡോ.രാജേന്ദ്രപ്രസാദിന്റെ കൃതിയാണ്.
- മൈ പ്രസിഡൻഷ്യൽ ഇയേഴ്സ് എന്ന ഗ്രന്ഥം രചിച്ചത് ആർ. വെങ്കിട്ടരാമൻ
- കെ.ആർ. നാരായണനെതിരെ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മത്സരിച്ച വ്യക്തി റ്റി.എൻ.ശേഷൻ
- ആദ്യ വനിതാ രാഷ്ട്രപതിയാണ് പ്രതിഭാ പാട്ടീൽ

### ഇന്ത്യൻ പ്രസിഡന്റുമാർ

| | | |
|---|---|---|
| ഡോ.രാജേന്ദ്രപ്രസാദ് | : | 1952-1962 |
| ഡോ.എസ്.രാധാകൃഷ്ണൻ | : | 1962-1967 |
| ഡോ.സക്കീർ ഹുസൈൻ | : | 1967-1969 |
| വി.വി.ഗിരി | : | 1969-1974 |
| ഫക്രുദീൻ അലി അഹമ്മദ് | : | 1974-1977 |
| നീലം സഞ്ജീവറെഡ്ഡി | : | 1977-1982 |
| ഗ്യാനി സെയിൽസിംഗ് | : | 1982-1987 |
| ആർ.വെങ്കിട്ടരാമൻ | : | 1987-1992 |
| ഡോ.ശങ്കർദയാൽ ശർമ്മ | : | 1992-1997 |
| കെ.ആർ.നാരായണൻ | : | 1997-2002 |
| എ.പി.ജെ.അബ്ദുൾ കലാം | : | 2002- 2007 |
| പ്രതിഭാ പാട്ടീൽ | : | 2007 - |

### ഭാരതരത്നം നേടിയ രാഷ്ട്രപതിമാർ

| | |
|---|---|
| ഡോ. എസ്. രാധാകൃഷ്ണൻ | 1954 |
| ഡോ. രാജേന്ദ്രപ്രസാദ് | 1962 |
| സക്കീർ ഹുസൈൻ | 1963 |
| വി.വി. ഗിരി | 1975 |
| എ.പി.ജെ. അബ്ദുൾകലാം | 1997 |

# ഉപരാഷ്ട്രപതി

- പാർലമെന്റിലെ ഇരുസഭകളുടെയും അംഗങ്ങളാണ് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്.
- രാജ്യസഭയുടെ അദ്ധ്യക്ഷനാണ് ഉപരാഷ്ട്രപതി.
- 35 വയസ് പൂർത്തിയാവുകയും രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെടാൻ യോഗ്യനാവുകയും ചെയ്ത ഏതൊരിന്ത്യൻ പൗരനും മത്സരിക്കാം.
- രാഷ്ട്രപതിയുടെ മരണം, രാജി, വിചാരണ മുഖേനയുള്ള സ്ഥാനചലനം, അസാന്നിദ്ധ്യമോ അസുഖമോ മറ്റേതെങ്കിലും കാരണങ്ങളോ മൂലം രാഷ്ട്രപതിക്ക് തന്റെ ഔദ്യോഗികകൃത്യം നിർവഹിക്കാനാവാതെ വരുന്ന സന്ദർഭങ്ങളിൽ ഉപരാഷ്ട്രപതി, രാഷ്ട്രപതിയുടെ സ്ഥാനം ഏറ്റെടുക്കാറുണ്ട്.
- രാജ്യസഭയിൽ ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കുകയും ലോക്സഭ അംഗീകാരം നൽകുകയും ചെയ്താൽ ഉപരാഷ്ട്രപതിയെ ആ സ്ഥാനത്തുനിന്ന് നീക്കാവുന്നതാണ്.
- ഉപരാഷ്ട്രപതിക്ക് സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുന്നത് രാഷ്ട്രപതിയാണ്.
- ഉപരാഷ്ട്രപതിയുടെ കാലാവധി 5 വർഷമാണ്.
- ഉപരാഷ്ട്രപതിയുടെ പ്രതിമാസ വേതനം 1,25,000 രൂപ
- ഉപരാഷ്ട്രപതി രാജി സമർപ്പിക്കുന്നത് രാഷ്ട്രപതിക്കാണ്.
- രാജ്യസഭയിലെ നടപടിക്രമങ്ങളിൽ വോട്ടുചെയ്യാനുള്ള അവകാശം ഉപരാഷ്ട്രപതിക്കില്ല.
- പാർലമെന്റിന്റെ ഉപരിസഭയായ രാജ്യസഭയുടെ അദ്ധ്യക്ഷനായ ഉപരാഷ്ട്രപതി അതിന്റെ എക്സ് ഒഫിഷ്യോ ചെയർമാനാണ്.
- ഉപരാഷ്ട്രപതിയാകാൻ വേണ്ട ഏററവും കുറഞ്ഞ പ്രായപരിധി 35 വയസ്സാണ്.
- അദ്ദേഹം കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാറുകളുടെയോ കീഴിലുള്ള യാതൊരു സ്ഥാപനത്തിന്റെയും ചുമതല വഹിക്കാൻ പാടുള്ളതല്ല.

## ഇന്ത്യയിലെ ആക്ടിംഗ് രാഷ്ട്രപതിമാർ

വരാഹഗിരി വെങ്കടഗിരി
മേയ് 3, 1969- ജൂലൈ 20, 1969

ജസ്റ്റിസ് മുഹമ്മദ് ഹിദായത്തുള്ള
ജൂലൈ 20, 1969 - ആഗസ്റ്റ് 24, 1969

ബി.ഡി. ജെട്ടി
ഫെബ്രു.11 1977- ജൂലൈ 25, 1977

രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും അഭാവത്തിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആ ചുമതല നിർവഹിക്കുന്നു. ഇന്ത്യയിൽ ഇത്തരത്തിൽ ചുമതല ഏറ്റെടുത്ത ഏക സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എം. ഹിദായത്തുള്ളയാണ്.

## ഉപരാഷ്ട്രപതിമാർ

| | |
|---|---|
| ഡോ.എസ്.രാധാകൃഷ്ണൻ .......... | : 1952-1962 |
| ഡോ.സക്കീർ ഹുസൈൻ ......... | :1962-1967 |
| വി.വി.ഗിരി ....................................... | :1967-1969 |
| ഗോപാൽ സ്വരൂപ് പഥക് .......... | :1969-1974 |
| ബി.ഡി.ജെട്ടി .................................. | :1974-1979 |
| ജ.മുഹമ്മദ് ഹിദായത്തുള്ള ..... | :1979-1984 |
| ആർ.വെങ്കിട്ടരാമൻ ........................ | :1984-1987 |
| ഡോ.ശങ്കർദയാൽ ശർമ്മ .......... | :1987-1992 |
| കെ.ആർ.നാരായണൻ ................ | :1992-1997 |
| കൃഷൻ കാന്ത് ................................. | :1997-2002 |
| ഭൈറോൺ സിംഗ് ഷെഖാവത്ത്.... | :2002-2007 |
| മുഹമ്മദ് അൻസാരി .................... | :2007 - |

## പ്രധാനമന്ത്രിയും മന്ത്രിസഭയും

- കേന്ദ്രമന്ത്രിസഭയ്ക്ക് നേതൃത്വം നൽകുന്നത് പ്രധാനമന്ത്രിയാണ്.
- ഇന്ത്യയിൽ പ്രധാനമന്ത്രി സാധാരണയായി ലോക്സഭയിൽ ഉൾപ്പെട്ടതാണ്.
- പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരമാണ് മറ്റു മന്ത്രിമാരെ രാഷ്ട്രപതി നിയമിക്കുന്നത്.
- പ്രധാനമന്ത്രിയാണ് മന്ത്രിമാരുടെ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നത്.
- ഭൂരിപക്ഷപാർട്ടിയുടെ അല്ലെങ്കിൽ കൂട്ടുകക്ഷി നേതാവിനെയാണ് പ്രധാനമന്ത്രിയാകാൻ രാഷ്ട്രപതി ക്ഷണിക്കുന്നത്.
- ലോക്സഭയിൽ ഭൂരിപക്ഷമുള്ള പാർട്ടിയുടെ നേതാവെന്ന നിലയ്ക്കും മന്ത്രിസഭയുടെ അധ്യക്ഷനെന്ന നിലയ്ക്കും മന്ത്രിസഭയേയും പാർലമെന്റിനേയും രാഷ്ട്രത്തേയും നയിക്കുന്നത് പ്രധാനമന്ത്രിയാണ്. ലോക്സഭയിൽ ഭൂരിപക്ഷമുള്ളിടത്തോളം പ്രധാനമന്ത്രിയായി തുടരാം.
- പാർലമെന്റിൽ അവിശ്വാസം പാസാക്കിയാൽ പ്രധാനമന്ത്രി ഉൾപ്പെടെ മന്ത്രിസഭയിലെ എല്ലാ അംഗങ്ങളും രാജിവയ്ക്കുന്നു.
- പ്രധാനമന്ത്രി രാജിവച്ചാൽ മുഴുവൻ മന്ത്രിസഭയുടെയും രാജികൂടിയാണത്. മന്ത്രിസഭയ്ക്ക് മുഴുവൻ കൂട്ടുത്തരവാദിത്വമുള്ളതിനാലാണിത്.
- 'തുല്യരിൽ ഒന്നാമൻ' എന്നറിയപ്പെടുന്നത് പ്രധാനമന്ത്രിയാണ്.
- പ്രധാനമന്ത്രി നിർദ്ദേശിക്കുമ്പോൾ മന്ത്രിസഭയിലെ അംഗത്തെ രാഷ്ട്രപതിക്ക് പിരിച്ചുവിടാം.
- കേന്ദ്രത്തിലെ കാവൽ മന്ത്രിസഭയുടെ തലവൻ പ്രധാനമന്ത്രിയാണ്.
- 'ക്യാബിനറ്റ് ആർച്ചിലെ ആണിക്കല്ല്' എന്നു വിശേഷിപ്പിക്കുന്നത് പ്രധാനമന്ത്രിയെയാണ്.
- ഭരണഘടനാപ്രകാരം മന്ത്രിമാർക്ക് ലോക്സഭയോട് മാത്രമാണ് കൂട്ടുത്തരവാദിത്വമുണ്ടായിരിക്കുക.
- മന്ത്രിമാരുടെ കൗൺസിൽ അഥവാ മന്ത്രിസഭ ഇന്ത്യാ ഗവൺമെന്റിലെ വിവിധ വകുപ്പുകളുടെ മന്ത്രിമാരെല്ലാം ഉൾപ്പെട്ടതാണ്. ഇപ്പോൾ മൂന്നുതരം മന്ത്രിമാരാണുള്ളത്. ക്യാബിനറ്റ് മന്ത്രിമാർ, സഹമന്ത്രിമാർ, ഉപ മന്ത്രിമാർ.
- പാർലമെന്റിലെ ഇരുസഭകളിലെയും അംഗങ്ങൾക്ക് മന്ത്രിസഭയിൽ അംഗമാകാം. പ്രധാനമന്ത്രിയായിരിക്കുന്നയാളും ലോക്സഭാ അംഗമാകണമെന്ന് നിബന്ധനയില്ല.
- ഏതെങ്കിലും സഭയിലെ അംഗമായ മന്ത്രിക്ക് മറ്റേ സഭയിൽ സന്നിഹിതനാകാനും ചർച്ചയിൽ പങ്കെടുക്കാനും അവകാശമുണ്ട്. എന്നാൽ, വോട്ടിംഗിൽ പങ്കെടുക്കാൻ അവകാശമില്ല.
- ഇന്ത്യയിൽ ആദ്യകാലത്ത് മന്ത്രിസഭയിലെ എല്ലാ അംഗങ്ങൾക്കും തുല്യപദവിയാണുണ്ടായിരുന്നത്. എന്നാൽ മന്ത്രിസഭയിൽ ജൂനിയർ മന്ത്രിമാരെ നിയമിക്കാൻ ആരംഭിച്ചതോടെ അവസ്ഥയിൽ മാറ്റമുണ്ടായി. ഏറ്റവും സീനിയർമാരായ മന്ത്രിമാരെയാണ് ക്യാബിനറ്റിൽ ഉൾപ്പെടുത്തുന്നത്.
- ക്യാബിനറ്റ് അതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പാർലമെന്റിനോട് കടപ്പെട്ടിരിക്കുന്നു.

### ഭാരതരത്നം നേടിയ പ്രധാനമന്ത്രിമാർ

| | |
|---|---|
| ജവഹർലാൽ നെഹ്റു | 1955 |
| ലാൽബഹദൂർ ശാസ്ത്രി (മരണാനന്തരം) | 1966 |
| ഇന്ദിരാഗാന്ധി | 1971 |
| രാജീവ് ഗാന്ധി (മരണാനന്തരം) | 1991 |
| മൊറാർജിദേശായി | 1991 |
| ഗുൽസാരിലാൽ നന്ദ (Acting P.M) (മരണാനന്തരം) | 1997 |

# ഇന്ത്യൻ പാർലമെന്റ്

- കേന്ദ്ര നിയമ നിർമ്മാണസഭയെ പാർലമെന്റ് എന്ന് വിളിക്കുന്നു.
- ഭരണഘടനയുടെ 79-ാം വകുപ്പ് പ്രകാരം രാഷ്ട്രപതി, ലോക്സഭ, രാജ്യസഭ എന്നിവ ചേർന്നിട്ടുള്ളതാണ് ഇന്ത്യൻ പാർലമെന്റ്.
- ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമായിരിക്കുന്നു. ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരു സഭകളും പാസ്സാക്കിയിരിക്കണം.
- പാർലമെന്റ് പാസാക്കിയ ബിൽ നിയമമാകുന്നത് രാഷ്ട്രപതി ഒപ്പു വയ്ക്കുമ്പോഴാണ്.
- ദ്വിമണ്ഡല സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യൻ പാർലമെന്റ് സംവിധാനം ചെയ്തിട്ടുള്ളത്.
- എല്ലാ ജനങ്ങളെയും പ്രതിനിധീകരിക്കുന്ന സഭയാണ് ലോക്സഭ.
- രാജ്യസഭ ഫെഡറൽ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു.
- രാജ്യസഭയിൽ പ്രധാനമായും സംസ്ഥാന നിയമസഭകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്നു.
- ക്യാബിനറ്റ് മിഷൻ ഭരണഘടന നിർമ്മാണ സഭയായി തെരഞ്ഞെടുത്ത കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി സ്വാതന്ത്ര്യം കിട്ടിയതിന് ശേഷം രണ്ടരവർഷത്തോളം ഡൊമിനിയൻ പാർലമെന്റായി പ്രവർത്തിച്ചു.
- 1950 ജനുവരി 26-ന് ഇന്ത്യ റിപ്പബ്ലിക്കായതിനെ തുടർന്ന് ഇന്ത്യയുടെ ഇടക്കാല പാർലമെന്റായി ഇത് മാറി.
- പുതിയ ഭരണഘടന അനുസരിച്ച് നടന്ന പൊതുതെരഞ്ഞെടുപ്പിനെ (1951-52) തുടർന്ന് 1952 ഏപ്രിൽ മാസത്തിലാണ് ഇന്ത്യൻ പാർലമെന്റ് നിലവിൽ വന്നത്.
- സർക്കാരിന്റെ ചെലവ് നിയന്ത്രിക്കുന്നതിനുള്ള അധികാരം പാർലമെന്റിനാണുള്ളത്.
- ഇന്ത്യൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, മററ് ജഡ്ജിമാർ എന്നിവരെ നീക്കം ചെയ്യാനുള്ള അധികാരം പാർലമെന്റിനുണ്ട്.
- സ്പീക്കറോ സഭയോ ആണ് പാർലമെന്റിലെ കമ്മിറ്റികളുടെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.
- പാർലമെന്റ് പിരിച്ചുവിട്ടിരിക്കുന്ന സമയത്ത് നിയമം നടത്തുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്.

## ഇന്ത്യയുടെ പാർലമെന്റ് മന്ദിരം

ഇന്ത്യയുടെ പാർലമെന്റ് സമുച്ചയം സ്ഥിതി ചെയ്യുന്നത് ന്യൂദൽഹിയിലാണ്. 2.43 ഹെക്ടർ സ്ഥലത്താണ് ഇത് നിലനിൽക്കുന്നത്. 1921 ഫെബ്രുവരി 12-നാണ് പാർലമെന്റ് മന്ദിരത്തിന് തറക്കല്ലിട്ടത്. പ്രശസ്ത ശിൽപ്പികളായ എഡ്വേർഡ് ലുട്ടിൻസും സർ ഹെർബർട്ട് ബേക്കറുമാണ് രൂപകല്പന നടത്തിയത്. ആറുവർഷം കൊണ്ട് പണി പൂർത്തിയാക്കി 1927 ജനുവരി 18-ന് മന്ദിരം തുറന്നു. മന്ദിരത്തിന്റെ ഉദ്ഘാടനം ഗവർണർ ജനറലായിരുന്ന ലോർഡ് ഇർവിൻ പ്രഭു ആയിരുന്നു. 83 ലക്ഷം രൂപയാണ് മന്ദിരത്തിനായി ചെലവഴിച്ചത്. 12 കവാടങ്ങളാണ് സമുച്ചയത്തിനുള്ളത്. കെട്ടിടത്തിന്റെ മധ്യഭാഗത്ത് സെൻട്രൽ ഹാൾ സ്ഥിതി ചെയ്യുന്നു. ഈ ഹാളിലാണ് ഒരേ രീതിയിലുള്ള മൂന്ന് ചേമ്പറുകളിലായി ലോക്സഭ, രാജ്യസഭ, പാർലമെന്റ് ലൈബ്രറി എന്നിവ സ്ഥിതി ചെയ്യുന്നത്. ലോക്സഭയിൽ അംഗങ്ങൾക്കിരിക്കാൻ കുതിരലാടത്തിന്റെ ആകൃതിയിലാണ് സീറ്റുകൾ സംവിധാനം ചെയ്തിരിക്കുന്നത്. രാജ്യസഭയിൽ അർധവൃത്താകൃതിയിലാണ്. വലതുവശത്ത് ഭരണപക്ഷവും ഇടതുവശത്ത് പ്രതിപക്ഷവുമാണ് സഭയിലിരിക്കുന്നത്.

# ലോക്സഭ

- പാർലമെന്റിന്റെ അധോമണ്ഡലം അഥവാ 'ലോവർ ഹൗസ്' ആണ് ലോക്സഭ.
- ലോക്സഭയിലെ പ്രതിനിധികളെ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു.
- ഹൗസ് ഓഫ് പീപ്പിൾ എന്നാണ് ആദ്യ കാലത്ത് ലോക്സഭ അറിയപ്പെട്ടിരുന്നത്. 1954 മേയ് 14 മുതൽ ലോക്സഭ എന്ന് പേരിൽ അറിയപ്പെട്ടു.
- ഇപ്പോൾ ലോക്സഭയിലെ ആകെ അംഗസംഖ്യ 552 (530 പേർ സംസ്ഥാനങ്ങളെയും 20 പേർ കേന്ദ്രഭരണ പ്രദേശങ്ങളെയും പ്രതിനിധീകരിക്കുന്നു). ഇതിൽ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ആംഗ്ലോ-ഇന്ത്യക്കാരും ഉൾപ്പെടുന്നു.
- ലോക്സഭയുടെ കാലാവധി അഞ്ചു വർഷമാണ്. എന്നാൽ അതിനുമുമ്പു തന്നെ രാഷ്ട്രപതിക്ക് സഭ പിരിച്ചുവിടാവുന്നതാണ്.
- ലോക്സഭ ആണ്ടിൽ കുറഞ്ഞത് രണ്ടു തവണ സമ്മേളിക്കേണ്ടതാണ്. അടുത്തടുത്തുള്ള രണ്ട് സമ്മേളനങ്ങളുടെ ഇടയ്ക്കുള്ള സമയം ആറുമാസത്തിൽ കുറവായിരിക്കണം.
- ലോക്സഭാംഗമാകാൻ 25 വയസ് പൂർത്തിയായ ഇന്ത്യൻ പൗരനായിരിക്കണം.
- ഇന്ത്യയിലെ ഏതു പാർലമെന്ററി നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്ഥാനാർത്ഥിക്ക് മത്സരിക്കാവുന്നതാണ്. പാർലമെന്റ് പാസാക്കുന്ന നിയമം മൂലം നിർദ്ദേശിക്കപ്പെടുന്ന മറ്റ് യോഗ്യതകൾ ഉള്ള ആളായിരിക്കണം ലോക്സഭാംഗമായി മത്സരിക്കേണ്ടത്.
- ലോക്സഭയുടെ പ്രഥമസമ്മേളനം ചേർന്നത് 1952 മേയ് 13 ന് ആണ്.
- ലോക്സഭയിൽ പരമാവധി 552 അംഗങ്ങൾ വരെയാകാം. ഇപ്പോൾ 82 സീറ്റുകൾ പട്ടികജാതിക്കാർക്കും 49 സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും സംവരണം ചെയ്തിട്ടുണ്ട്. രണ്ടുപേർ ആംഗ്ലോ ഇന്ത്യക്കാരുമാണ്. (530 പേർ സംസ്ഥാനങ്ങളെയും 20 പേർ കേന്ദ്രഭരണ പ്രദേശങ്ങളെയും പ്രതിനിധീകരിക്കുന്നു)
- ധനകാര്യബില്ലുകൾ ആദ്യം അവതരിപ്പിക്കുന്നത് ലോക്സഭയിലാണ്.
- ലോക്സഭയിലെ ആദ്യത്തെ സമ്മേളനം അഭിസംബോധന ചെയ്യുന്നത് രാഷ്ട്രപതിയാണ്.
- ആദ്യ ലോക്സഭയിലെ അംഗങ്ങൾ - 499
- ഇപ്പോൾ നിലനിൽക്കുന്നത് പതിനഞ്ചാം ലോക്സഭയാണ്.
- 50 അംഗങ്ങൾ പിൻതാങ്ങിയാൽ ലോക്സഭയിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കാം.
- പാർലമെന്റിലെ അടുത്തടുത്തുള്ള രണ്ട് സമ്മേളനങ്ങളുടെ ഇടയ്ക്കുള്ള സമയം ആറ് മാസത്തിൽ കുറവായിരിക്കണം.
- സഭകൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോഴാണ് ലോക്സഭയും രാജ്യസഭയും ഒന്നിച്ചുകൂടുന്നത്. ഇത്തരത്തിലുള്ള ഒരു സംയുക്തസമ്മേളനം ആദ്യമായി നടന്നത് 1961-ലാണ്. പിന്നീട് 1977 ലും പിന്നീട് 2002 ലും സംയുക്ത സമ്മേളനം നടന്നു.
- ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്തസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നത് ലോക്സഭാസ്പീക്കറാണ്.
- ലോക്സഭയിലെ ഭൂരിപക്ഷ കക്ഷിയുടെ (മുന്നണിയും) നേതാവിനെയാണ് പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കുന്നത്.
- ലോക്സഭ സമ്മേളിക്കുന്നതിനുവേണ്ട മിനിമം അംഗങ്ങൾ - ആകെ അംഗങ്ങളുടെ പത്തിലൊന്ന് അംഗങ്ങളാണ്.
- ലോക്സഭ വർഷത്തിൽ 2 പ്രാവശ്യം സമ്മേളിക്കേണ്ടതാണ്.
- സഭയുടെ അനുവാദം കൂടാതെ തുടർച്ചയായി 60-ലേറെ ദിവസം സഭാനടപടികളിൽ പങ്കെടുക്കാതിരുന്നാൽ അംഗത്വം നഷ്ടപ്പെടും.

# രാജ്യസഭ

- 1952 ഏപ്രിൽ മൂന്നിനാണ് രാജ്യസഭ രൂപീകൃതമായത്.
- ഉപരി സഭ (അപ്പർ ഹൗസ്), സെക്കന്റ് ചേമ്പർ, ഹൗസ് ഓഫ് എൽഡേഴ്സ് എന്നീ പേരുകളിൽ അറിയപ്പെടുന്നു.
- രാജ്യസഭ സ്ഥിരം സംവിധാനമാണ്. അത് ഒരിക്കലും പിരിച്ചുവിടപ്പെടുന്നില്ല.
- രാജ്യസഭയിൽ മൂന്നിലൊന്ന് അംഗങ്ങൾ രണ്ടു വർഷം കൂടുമ്പോൾ പിരിയുന്നു. അത്രയും അംഗങ്ങൾ രണ്ട് വർഷം കൂടുമ്പോൾ പുതുതായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു.
- ആറു വർഷമാണ് ഒരു രാജ്യസഭാംഗത്തിന്റെ കാലാവധി.
- ഉപരാഷ്ട്രപതിയാണ് രാജ്യസഭയുടെ ചെയർമാൻ.
- രാജ്യസഭാ ചെയർമാന്റെ അധികാരങ്ങളും ചുമതലകളും സ്പീക്കറുടേതു പോലെയാണ്. എന്നാൽ രാജ്യസഭാ ചെയർമാൻ (ഉപരാഷ്ട്രപതി) സഭയിലെ ഒരു സാധാരണ അംഗമായിരിക്കുകയില്ല.
- രാജ്യസഭയിലെ അംഗങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ആളാണ് ഡെപ്യൂട്ടി ചെയർമാൻ. ചെയർമാനില്ലാത്തപ്പോൾ ഡെപ്യൂട്ടി ചെയർമാനാണ് രാജ്യസഭയിൽ അദ്ധ്യക്ഷത വഹിക്കുന്നത്.
- ഇപ്പോഴത്തെ രാജ്യസഭാ ചെയർമാൻ ഹമീദ് അൻസാരിയാണ്. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ കെ. റഹ്മാൻ ഖാനാണ്.
- രാജ്യസഭയിലും, ചെയർമാനും ഡെപ്യൂട്ടി ചെയർമാനും ഇല്ലാത്തപ്പോൾ സഭാനടപടികൾ നടത്തിക്കൊണ്ടു പോകാൻ ഏതാനും അംഗങ്ങളുടെ ഒരു പാനലുണ്ടായിരിക്കും. അവരെ വൈസ് ചെയർമാൻമാർ എന്നുവിളിക്കുന്നു.
- രാജ്യസഭയിലെ മൊത്തം അംഗങ്ങൾ 250 ആണ്. 12 അംഗങ്ങളെ രാഷ്ട്രപതി നോമിനേറ്റ് ചെയ്യുന്നു. 238 അംഗങ്ങൾ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമാണ് തെരഞ്ഞെടുക്കപ്പെടുന്നത്.
- ഓരോ സംസ്ഥാനത്തിനും ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അംഗങ്ങളെ നിശ്ചയിച്ചിട്ടുള്ളത്.
- ഡൽഹി, പുതുശ്ശേരി എന്നിവയൊഴികെ മറ്റ് കേന്ദ്ര ഭരണപ്രദേശങ്ങൾക്ക് രാജ്യസഭാ പ്രാതിനിധ്യമില്ല.
- ലോക്സഭ പിരിച്ചുവിട്ടിരിക്കുന്ന സമയത്ത് അടിയന്തരാവസ്ഥ, സംസ്ഥാന സർക്കാരുകളുടെ പിരിച്ചുവിടൽ എന്നിവക്ക് അംഗീകാരം നൽകുന്നത് രാജ്യസഭയാണ്.

# 15-ാം ലോക്സഭ

| | |
|---|---|
| തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ | 543 |
| വനിതാ അംഗങ്ങൾ | 59 |
| പ്രായം കുറഞ്ഞ അംഗം | എം. ഹംദുല്ലാ സഈദ് (26) |
| ഏറ്റവും ചെറിയ ലോക്സഭാ മണ്ഡലം | ചാന്ദ്നി ചൗക്ക് |
| ഏറ്റവും വലിയ ലോക്സഭാ മണ്ഡലം | ലഡാക്ക് |
| ഏറ്റവും കൂടുതൽ സമ്മതിദായകരുള്ള മണ്ഡലം | ഔട്ടർ ഡൽഹി |
| ഏറ്റവും കുറവ് സമ്മതിദായകരുള്ള മണ്ഡലം | ലക്ഷദ്വീപ് |
| ഏറ്റവും കൂടുതൽ ഭൂരിപക്ഷം ലഭിച്ച അംഗം | സി.എം. ചാങ് (നാഗാലാന്റ്) |
| ഏറ്റവും കുറവ് ഭൂരിപക്ഷം ലഭിച്ച അംഗം | നമോ നാരായൺ (ലക്ഷദ്വീപ്) |
| ഏറ്റവും കൂടുതൽ അംഗങ്ങളുള്ള കക്ഷി | ഇന്ത്യൻ നാഷണൽ കോൺഗ്രസ് (206) |
| ആകെ പാർട്ടികൾ | 37 |

## അടിയന്തരാവസ്ഥാപ്രഖ്യാപനം
## (352, 356, 360 വകുപ്പുകൾ)

- വ്യത്യസ്ത രീതിയിലുള്ള മൂന്ന് അടിയന്തരാവസ്ഥകൾ പ്രഖ്യാപിക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്. യുദ്ധവിപത്തോ വിദേശാക്രമണ ഭീഷണിയോ ആഭ്യന്തര അസ്വാസ്ഥ്യമോ ബോദ്ധ്യപ്പെട്ടാൽ ഇന്ത്യയിൽ ഏതെങ്കിലും ഭാഗത്തോ രാജ്യത്തൊട്ടാകെയോ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാം (വകുപ്പ് 352).
- കൂടാതെ യൂണിയനിലെ ഏതെങ്കിലും സംസ്ഥാനത്ത് വ്യവസ്ഥാപിത ഭരണക്രമം തകരുകയാണെങ്കിൽ അദ്ദേഹത്തിന് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ അധികാരമുണ്ടായിരിക്കും (വകുപ്പ് 356).
- സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ സാമ്പത്തികമായ അടിയന്തരാവസ്ഥ രാഷ്ട്രപതിക്ക് പ്രഖ്യാപിക്കാവുന്നതാണ് (വകുപ്പ് 360).
- 1962 ഒക്ടോബറിൽ ചൈനയുടെ ആക്രമണത്തെ തുടർന്നായിരുന്നു ആദ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്.
- 1971 ഡിസംബറിൽ പാകിസ്ഥാന്റെ ആക്രമണത്തെത്തുടർന്ന് വീണ്ടും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.
- 1975 ജൂണിൽ ആഭ്യന്തര സംഘർഷങ്ങൾ മൂലം പ്രഖ്യാപിച്ച അടിയന്തരാവസ്ഥയാണ് അവസാനത്തേത്.

## സ്പീക്കർ

- ലോക്സഭയുടെ അദ്ധ്യക്ഷൻ സ്പീക്കറാണ്.
- സ്പീക്കറെ ലോക്സഭാംഗങ്ങളിൽ നിന്നും അവർ തന്നെ തെരഞ്ഞെടുക്കുന്നു.
- സഭയുടെ പ്രഥമ സമ്മേളനത്തിൽ തന്നെ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും തെരഞ്ഞെടുപ്പ് നടത്തും. പുതിയ സഭയുടെ ആദ്യ സമ്മേളനത്തിന് തൊട്ടുമുമ്പ് വരെ ആ സ്ഥാനത്ത് സ്പീക്കർക്ക് തുടരാം. പക്ഷപാതരാഹിത്യമാണ് സ്പീക്കറുടെ മുഖമുദ്ര.
- സഭാനടപടികളുടെ പൂർണ നിയന്ത്രണം സഭയുടെ അധ്യക്ഷനായ സ്പീക്കർക്കാണ്. സഭാ നടപടികളിൽ സ്പീക്കറുടെ തീരുമാനം അന്തിമവും ചോദ്യം ചെയ്യപ്പെടാത്തതുമാണ്.
- സഭാംഗങ്ങൾ രാജി സമർപ്പിക്കുകയാണെങ്കിൽ രാജിക്കത്ത് സ്പീക്കർക്കാണ് നൽകേണ്ടത്. ഇരുസഭകളുടെയും ഒന്നിച്ചുള്ള സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാനുള്ള അവകാശം സ്പീക്കർക്കാണ്.
- ഒരു ബിൽ രാജ്യസഭയിലേക്കോ, രാഷ്ട്രപതിയുടെ സമ്മതത്തിനോ അയക്കുന്നതിനുമുമ്പ് അതിന് സ്പീക്കറുടെ അനുമതിയുണ്ടായിരിക്കണം.
- സ്പീക്കർ നൽകുന്ന റൂളിംഗിന് വിപരീതമായി ഉത്തരവിടാൻ ഒരു നിയമക്കോടതിക്കും അധികാരമില്ല.
- പാർലമെന്ററി കമ്മിറ്റികളുടെ രൂപീകരണത്തെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച അധികാരങ്ങൾ സ്പീക്കർക്കാണ്.
- സ്പീക്കറുടെ അഭാവത്തിൽ സഭാ നടപടികൾ നിയന്ത്രിക്കുന്നത് ഡെപ്യൂട്ടി സ്പീക്കറാണ്.

### ആദ്യ വനിതാ സ്പീക്കർ

ലോക്സഭയിലെ ആദ്യ വനിതാ സ്പീക്കറാണ് മീരാകുമാർ. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു എന്ന പ്രത്യേകതയും അവർക്കുണ്ട്. ഇന്ത്യയുടെ ഉപപ്രധാനമന്ത്രിയായിരുന്ന ജഗജീവൻ റാമിന്റെ പുത്രിയാണ് മീരാകുമാർ. ബീഹാറിൽ നിന്നും ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ദളിത് വിഭാഗക്കാരിയാണ് എന്നതും ശ്രദ്ധേയമായ മറ്റൊരു കാര്യമാണ്.

# പാർലമെന്റ് കമ്മിറ്റികൾ

പാർലമെന്റിന്റെ പ്രവർത്തനം സുഗമവും കഴിവുറ്റതുമാക്കി തീർക്കുകയാണ് പാർലമെന്ററി കമ്മിറ്റിയുടെ കടമ. രണ്ട് തരത്തിലുള്ള കമ്മിറ്റികളാണുള്ളത്. സ്റ്റാൻഡിങ് കമ്മിറ്റികളും അഡ്ഹോക്ക് കമ്മിറ്റികളും. സ്റ്റാൻഡിങ് കമ്മിറ്റികൾ സ്ഥിര സ്വഭാവമുള്ളതാണ്. അഡ്ഹോക്ക് കമ്മിറ്റികളാകട്ടെ താൽക്കാലിക സ്വഭാവമുള്ളതും. പ്രവർത്തനം പൂർത്തിയാകുന്നതോടെ അഡ്ഹോക്ക് കമ്മിറ്റി ഇല്ലാതാകുന്നു.

ലോക്സഭയിലെ പ്രവർത്തന രീതിയേയും നടപടിച്ചട്ടങ്ങളെയും സംബന്ധിക്കുന്ന 12 കമ്മിറ്റികളാണുള്ളത്.

**ബിസിനസ് അഡ്വൈസറി കമ്മിറ്റി**

15 അംഗങ്ങളുള്ള ഇതിന്റെ ചെയർമാൻ സ്പീക്കറാണ്. സഭയുടെ ആരംഭത്തിൽ, കാര്യപരിപാടി നിയന്ത്രിക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ മുഖ്യ ഉദ്ദേശം.

**സെലക്ട് കമ്മിറ്റികൾ**

സെലക്ട് കമ്മിറ്റി അംഗങ്ങളെ നിയമിക്കുന്നത് സഭയാണ്. വിദഗ്ധമായ തെളിവുകൾ ശേഖരിക്കുകയും കമ്മിറ്റിയുടെ മുമ്പിലുള്ള ബില്ല് കൊണ്ട് ഏതെങ്കിലും വ്യക്തികളുടെ വിശേഷാൽ താൽപ്പര്യങ്ങൾക്ക് ഉപദ്രവം വരുമെങ്കിൽ അക്കാര്യം കേൾക്കുകയും സഭയുടെ മുമ്പിൽ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുമാണ് സെലക്ട് കമ്മിറ്റി ചെയ്യുന്നത്.

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**

പാർലമെന്റിന്റെ ധനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്ക് എസ്റ്റിമേറ്റ്സ് കമ്മിറ്റിയെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെന്നും രണ്ട് കമ്മിറ്റികൾ ഉണ്ടാക്കിയിരിക്കുന്നു. ബജറ്റ് എസ്റ്റിമേറ്റുകളെ വിശദമായി പരിശോധിക്കാനുള്ള അധികാരം എസ്റ്റിമേറ്റ്സ് കമ്മിറ്റിക്കാണ്.

ഗവൺമെന്റിന്റെ എല്ലാവിധ ധനവിനിയോഗങ്ങളുടെയും കണക്ക് പരിശോധിക്കലാണ് ഈ കമ്മിറ്റിയുടെ ജോലി. കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ വ്യക്തവും വിശദവുമായ പരിശോധനയും ഉപദേശവും ഇവർക്ക് ലഭിക്കും.

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**

ഈ കമ്മിറ്റിയുടെ പ്രധാന ചുമതല ഭരണഘടന നിബന്ധന ചെയ്യുന്നതോ പാർലമെന്റ് ഡെലിഗേറ്റ് ചെയ്യുന്നതോ ആയ റെഗുലേഷനുകൾ, നിയമാവലികൾ, ഉപനിയമാവലികൾ, ബൈലോകൾ തുടങ്ങിയവ ഡെലിഗേഷനുകളുടെ അധികാരാതിർത്തിക്കുള്ളിൽ വരത്തക്ക വിധം ആണോ ഉണ്ടായിട്ടുള്ളതെന്ന് പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് കൊടുക്കുകയാണ്.

**റൂൾസ് കമ്മിറ്റി**

റൂൾസ് കമ്മിറ്റിയുടെ പ്രധാന ചുമതല സഭയ്ക്കകത്തുള്ള നടപടിക്രമങ്ങളെയും നടപടി സ്വഭാവങ്ങളെയും പരിഗണിക്കുകയും ആവശ്യമായ കൂടുതൽ നിയമാവലികൾ കൂട്ടിച്ചേർക്കുകയും ഉള്ളവയ്ക്ക് മാറ്റം വരുത്താൻ ശുപാർശ ചെയ്യുകയുമാണ്.

**സബ്ജക്ട് കമ്മിറ്റികൾ**

വിവിധ മന്ത്രാലയങ്ങളുടെ ഗ്രാന്റുകൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുമുമ്പ് സൂക്ഷ്മ പരിശോധന നടത്തുന്നതിലേയ്ക്കാണ് ഈ കമ്മിറ്റികൾ രൂപീകരിച്ചത്. കമ്മിറ്റികൾ ഓരോ മന്ത്രാലയത്തിന്റെ വാർഷിക ഗ്രാന്റുകൾ സൂക്ഷ്മമായി പരിശോധിക്കുകമാത്രമല്ല അവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുക കൂടി ചെയ്യുന്നു.

**പെറ്റീഷൻസ് കമ്മിറ്റി**

സഭയ്ക്ക് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുക എന്നതാണ് പെറ്റിഷൻസ് കമ്മിറ്റി ചെയ്യുന്നത്. 15 അംഗങ്ങളാണുള്ളത്.

**പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി**

പാർലമെന്റ് അനുവദിക്കുന്ന പണം ചെലവഴിക്കുന്നതിനെക്കുറിച്ച് വിലയിരുത്തുന്ന സമിതിയാണിത്. ലോക്സഭയിൽ നിന്ന് 15 പേരും രാജ്യസഭയിൽ നിന്ന് 7 പേരും അംഗങ്ങളാണ്. രാജ്യത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്നതും ക്രമക്കേടുകളും സമിതിക്ക് മുമ്പാകെ പരിഗണിക്കും.

**മറ്റു കമ്മിറ്റികൾ**

വിശേഷാധികാരങ്ങളെ സംബന്ധിച്ച കമ്മിറ്റി, അനൗദ്യോഗിക അംഗങ്ങളുടെ ബില്ലിനെയും പ്രമേയങ്ങളെയും സംബന്ധിക്കുന്ന കമ്മിറ്റി, സഭയിൽ അംഗങ്ങൾ ഹാജരാകാതിരിക്കുന്നത് സംബന്ധിച്ച കമ്മിറ്റി.

## തെരഞ്ഞെടുപ്പ് കമ്മീഷൻ

ഇലക്ഷൻ കമ്മീഷനിൽ ചീഫ് ഇലക്ഷൻ കമ്മീഷണറും രണ്ട് ഇലക്ഷൻ കമ്മീഷണർമാരും ഉൾപ്പെടുന്നു. ഇവരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ഇലക്ഷൻ കമ്മീഷൻ ഒരു സ്വതന്ത്രസമിതിയാണ്.

ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ നിയന്ത്രിക്കാനും അതിനുവേണ്ട നിർദ്ദേശം നൽകാനും മേൽനോട്ടം വഹിക്കാനുമുള്ള അധികാരം 324-ാം വകുപ്പ് പ്രകാരം ഇലക്ഷൻ കമ്മീഷൻ എന്ന സ്വതന്ത്ര സമിതിക്ക് നൽകിയിരിക്കുന്നു.

ആറു വർഷമോ 65 വയസോ ആണ് ഇലക്ഷൻ കമ്മീഷണറുടെ കാലാവധി.

രാഷ്ട്രപതി, ഉപരാഷ്ട്രപതി സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുക, തെരഞ്ഞെടുപ്പ് പട്ടികയുടെ തയ്യാറാക്കൽ, ഇലക്ഷൻ നിയമങ്ങൾ രൂപീകരിക്കുക, നിയോജക മണ്ഡലങ്ങൾ തീരുമാനിക്കുക, രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരവും ചിഹ്നങ്ങളും നൽകുക, ഇലക്ഷൻ തർക്കങ്ങൾ പരിഹരിക്കാൻ തെരഞ്ഞെടുപ്പ് ട്രൈബ്യൂണലുകൾ രൂപീകരിക്കുക എന്നിവയാണ് ഇലക്ഷൻ കമ്മീഷന്റെ പ്രധാന കർത്തവ്യങ്ങൾ.

ചീഫ് ഇലക്ഷൻ കമ്മീഷണറെ സുപ്രീം കോടതിയിലെ ജഡ്ജിയെ എന്നപോലെയല്ലാതെ ഔദ്യോഗിക പദവിയിൽനിന്നും പിരിച്ചുവിടാവുന്നതല്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഒഴികെ യുള്ള പ്രധാന തെരഞ്ഞെടുപ്പുകൾ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ മേൽനോട്ടം അതാത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. ഹൈക്കോടതികളാണ് ഇലക്ഷൻ പരാതികൾ കേൾക്കുന്നത്.

## ധനകാര്യ കമ്മീഷൻ

- ധനകാര്യ കമ്മീഷനെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
- ധനകാര്യ കമ്മീഷനിൽ ചെയർമാനും നാല് അംഗങ്ങളുമുണ്ടായിരിക്കും.
- ഭരണഘടന പ്രാബല്യത്തിൽ വന്ന് രണ്ടു വർഷത്തിനകം, ഓരോ അഞ്ചാം വർഷവും അല്ലെങ്കിൽ രാഷ്ട്രപതി നിശ്ചയിക്കുന്നപക്ഷം അതിനകവും ധനകാര്യ കമ്മീഷനെ രാഷ്ട്രപതി നിയമിക്കുന്നു.
- ധനകാര്യ കമ്മീഷൻ രാഷ്ട്രപതിക്ക് സമർപ്പിക്കുന്ന ശുപാർശ രാഷ്ട്രപതി പാർലമെന്റിന്റെ ഇരുസഭകളിലും അവതരിപ്പിക്കുന്നു.
- ധനകാര്യ കമ്മീഷനാണ് ഇൻഡ്യയുടെ കൺസോളിഡേററഡ് ഫണ്ടിൽനിന്നും സംസ്ഥാനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് ശുപാർശ ചെയ്യേണ്ടത്.
- കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും കൺസോളിഡേറ്റഡ് ഫണ്ടുകളെപ്പററി ഭരണഘടനയുടെ 266-ാമത്തെ വ്യവസ്ഥയിൽ പ്രതിപാദിച്ചിട്ടുണ്ട്.
- 11-ാം ധനകാര്യ കമ്മീഷന്റെ (2000-2005) ചെയർമാൻ എ.എം.ഖുസ്രു ആയിരുന്നു.
- നിലവിൽവന്ന 12-ാം ധനകാര്യകമ്മീഷന്റെ ചെയർമാൻ ഡോ. സി. രംഗരാജൻ (2005-2010)
- 13-ാം ധനകാര്യകമ്മീഷൻ ചെയർമാൻ വിജയ്ഖേൽക്കർ (2010 - 2015)

## പാർലമെന്റ് സംയുക്ത സമ്മേളനം

പാർലമെന്റിന്റെ ഒരു സഭയിൽ ഒരു ബില്ല് പാസ്സാവുകയും മറുസഭയിൽ പരാജയപ്പെടുകയും ചെയ്താൽ ഭരണഘടനയുടെ 108-ാം ആർട്ടിക്കിൾ പ്രകാരം സമ്മേളനം വിളിച്ചുകൂട്ടി ആ ബില്ല് വീണ്ടും പരിഗണിക്കാവുന്നതാണ്. ലോക്സഭാ സ്പീക്കറാണ് സംയുക്ത സമ്മേളനത്തിന്റെ അധ്യക്ഷൻ. 2002 മാർച്ച് 26ന് പോട്ട ബിൽ (POTA) പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ 269 നെതിരെ 425 വോട്ടുകൾക്ക് പാസാക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടനാ ചരിത്രത്തിൽ ഇത് മൂന്നാം തവണയാണ് സംയുക്ത സമ്മേളനത്തിൽ ഒരു നിയമം പാസാക്കുന്നത്. നേരത്തെ പാസ്സാക്കിയ നിയമങ്ങൾ (1) സ്ത്രീധന നിരോധന നിയമം (1961) പാസാക്കൽ (2) ബാങ്കിംഗ് സർവീസ് കമ്മീഷൻ (റദ്ദാക്കൽ) നിയമം (1977) പാസാക്കൽ.

# സുപ്രീം കോടതി

- ഭരണഘടനയുടെ രക്ഷകർത്താവ്, സംരക്ഷകൻ,കാവൽക്കാരൻ എന്നീ പേരുകളിൽ സുപ്രീംകോടതി അറിയപ്പെടുന്നു.
- ഭരണഘടനയെ വിശദീകരിക്കുന്ന ഏറ്റവും ആധികാരികമായ സ്ഥാപനവും കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലും രണ്ട് സംസ്ഥാനങ്ങൾ തമ്മിലും ഉള്ള തർക്കങ്ങളിൽ തീരുമാനം എടുക്കുന്ന അവസാന നിയമ സ്ഥാപനവുമാണ് സുപ്രീം കോടതി.
- ക്രിമിനൽ-സിവിൽ അധികാരങ്ങളോടുകൂടിയ അഖിലേന്ത്യാ തലത്തിലെ പരമാധികാര കോടതിയാണ് സുപ്രീം കോടതി.
- സുപ്രീംകോടതിയിൽ ഇപ്പോൾ ചീഫ് ജസ്റ്റീസ് ഉൾപ്പെടെ 31 ജഡ്ജിമാരുണ്ട്. സുപ്രീം കോടതി ജഡ്ജിയുടെ പ്രായ പരിധി 65 വയസാണ്.
- ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളെ രക്ഷിക്കുന്ന ചുമതലയും കോടതിക്കാണ്.
- സംസ്ഥാനങ്ങളും പാർലമെന്റും പാസ്സാക്കുന്ന നിയമങ്ങളുടെ ഭരണഘടനാ സാധുത തീരുമാനിക്കുന്നത് സുപ്രീംകോടതിയാണ്.
- ഹൈക്കോടതികൾക്ക് മേൽ അധികാരവും മേൽനോട്ടാധികാരവും സുപ്രീം കോടതിക്കാണ്.
- 129-ാം വകുപ്പ് സുപ്രീംകോടതിയെ കോർട്ട് ഓഫ് റെക്കാർഡ് ആക്കിത്തീർത്തിരിക്കുന്നു. ഒന്നാമതായി, ഇത്തരം കോർട്ടിന്റെ റെക്കാർഡുകൾ ആധികാരികമായ തെളിവായി സ്വീകരിക്കപ്പെടുന്നു. അവ മറ്റൊരു കോടതിയുടെ മുമ്പിൽ വച്ചാൽ അവയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്നില്ല. രണ്ടാമതായി, നിയമപ്രകാരം ഒരു കോടതിയെ കോർട്ട് ഓഫ് റെക്കാർഡ് ആയി അംഗീകരിച്ചുകഴിഞ്ഞാൽ അതിന് കോടതിയലക്ഷ്യത്തിന് നടപടിയെടുക്കാനുള്ള അധികാരമുണ്ടായിരിക്കും.
- സുപ്രീംകോടതിയെക്കുറിച്ചു പ്രതിപാദിക്കുന്ന ഭരണഘടന വകുപ്പ് - 124
- 1950, ജനുവരി 28 നാണ് ഇന്ത്യയിൽ സുപ്രീംകോടതി നിലവിൽ വന്നത്.
- സുപ്രീംകോടതിയിൽ ഇപ്പോൾ ചീഫ് ജസ്റ്റിസ് ഉൾപ്പെടെ 31 ജഡ്ജിമാരുണ്ട്.
- രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും അഭാവത്തിൽ രാഷ്ട്രപതിയുടെ ചുമതല വഹിക്കുന്നത് സുപ്രീം കോടതി ചീഫ് ജസ്റ്റിസാണ്.
- സുപ്രീംകോടതി ജഡ്ജിയുടെ പെൻഷൻ പ്രായം 65 വയസ്സാണ്. ചീഫ് ജസ്റ്റിസിന്റെ മാസശമ്പളം 1,0,000 രൂപയും മറ്റു ജഡ്ജിമാരുടേത് 90,000 രൂപയും ആണ്.
- സുപ്രീംകോടതിയുടെ വിധിയോ ഉത്തരവോ പുനഃപരിശോധിക്കുന്നതിനുള്ള നിയമം സുപ്രീംകോടതിക്കുണ്ട്.
- സുപ്രീംകോടതിയുടെ തീരുമാനം മറ്റേതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യാൻ സാധിക്കില്ല.
- സുപ്രീംകോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള ഹൈക്കോടതി ജഡ്ജിയെയാണ് സുപ്രീംകോടതിയുടെ അഡ് - ഹോക് ജഡ്ജിയായി നിയമിക്കുന്നത്.
- സുപ്രീം കോടതിയിലെ ആദ്യത്തെ മലയാളി ചീഫ് ജസ്റ്റീസാണ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ. ദളിത് വിഭാഗത്തിൽ നിന്നുള്ള പ്രഥമ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കൂടിയാണ് ഇദ്ദേഹം. ജസ്റ്റിസ് Y.V. ചന്ദ്രചൂഢനുശേഷം കൂടുതൽ കാലം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പദവിയിൽ തുടരാൻ കഴിയുന്ന വ്യക്തിയാണ് ഇദ്ദേഹം. (2007 ജനുവരി മുതൽ 2010 മേയ് വരെ)
- ഇപ്പോഴത്തെ സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് സരോഷ് ഹോമി കപാഡിയ.
- ഏറ്റവും കൂടുതൽ കാലം ചീഫ് ജസ്റ്റീസ് പദവി വഹിച്ചത് ജസ്റ്റീസ് വൈ.വി.ചന്ദ്രചൂഡ് (1978-85) ആണ്.
- ചീഫ് ജസ്റ്റിസിനും ജഡ്ജിമാർക്കുമുള്ള ശമ്പളവും അലവൻസുകളും കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യയിൽനിന്നാണ്.

## ഭരണഘടനാ ഭേദഗതികൾ

ഭരണഘടനയുടെ 368-ാം വകുപ്പിൽ ഭേദഗതിയെക്കുറിച്ചുള്ള കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. ഭരണഘടനയിൽ ആദ്യത്തെ ഭേദഗതി വരുത്തിയത് 1951-ൽ.

ഭരണഘടനാ ഭേദഗതികളിൽ 1976 ൽ നടന്ന 42-ാം ഭരണഘടനാ ഭേദഗതിയാണ് ഏറ്റവും പ്രധാനപ്പെട്ടത്. വളരെ വിപുലമായ രീതിയിൽ മാററങ്ങൾ വരുത്തിയ ഭേദഗതിയാണ് 42-ാം ഭേദഗതി. അതിനാൽ ഈ ഭേദഗതി ചെറുഭരണഘടന (Mini Constitution) എന്നറിയപ്പെടുന്നു.

സ്വത്തിനുള്ള അവകാശം (Right to Property) ആദ്യം മൗലികാവകാശമായിരുന്നെങ്കിലും 44-ാം ഭരണഘടനാ ഭേദഗതി പ്രകാരം 1978-ൽ ജനതാ ഗവൺമെന്റ് സ്വത്തവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽനിന്നും നീക്കം ചെയ്തു.

പാർലമെന്റിന്റെ ഇരുസഭകളിലും ഭരണഘടനാ ഭേദഗതി ബിൽ പാസ്സാക്കിയിരിക്കണം. നിലവിൽ 94 ഭേദഗതികളിലധികം ഭരണഘടനയിൽ വരുത്തിയിട്ടുണ്ട്.

## പ്രധാന ഭേദഗതികൾ

- **ഒന്നാം ഭരണഘടനാ ഭേദഗതി (1951):-** നിയമത്തിന്റെ മുന്നിൽ സമത്വം, അഭിപ്രായ സ്വാതന്ത്ര്യം, സ്വത്തിനുള്ള അധികാരം എന്നീ മൗലികാവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ നീക്കം ചെയ്യുക എന്നതായിരുന്നു ഭേദഗതിയുടെ ഉദ്ദേശ്യം. ഒമ്പതാംപട്ടികകൂടി ഭരണഘടനയിൽ എഴുതിച്ചേർത്തു.
- **ഒൻപതാം ഭേദഗതി (1960):-** പാകിസ്ഥാനും ഇന്ത്യയും തമ്മിൽ അതിർത്തി സംബന്ധിച്ച തർക്കം പരിഹരിച്ചതിനെ സംബന്ധിച്ച കരാർ അനുസരിച്ച് ഇന്ത്യയുടെ ചില ഭാഗങ്ങൾ പാകിസ്ഥാന് കൈമാറാൻ വ്യവസ്ഥ ചെയ്തു.
- **പന്ത്രണ്ടാം ഭേദഗതി (1962):-** 1961 ഡിസംബർ 20 മുതൽ ഗോവ, ഡാമൻ, ഡ്യൂ എന്നിവയെ കേന്ദ്രവുമായി യോജിപ്പിച്ചു. അവയെ ആദ്യ പട്ടികയിൽ എട്ടാം കേന്ദ്രഭരണ പ്രദേശമാക്കുകയും 240-ാം വകുപ്പനുസരിച്ച് ഭരണം നടത്താൻ വ്യവസ്ഥയുണ്ടാക്കുകയും ചെയ്തു.
- **പതിമൂന്നാം ഭേദഗതി (1962):-** നാഗാലാന്റിന് സംസ്ഥാന പദവി ലഭിച്ചു. ഇന്ത്യയുടെ 16-ാമത് സംസ്ഥാനമായി നാഗാലാന്റ്.
- **പതിനാലാം ഭേദഗതി (1962):-** മുൻ ഫ്രഞ്ച് പ്രദേശങ്ങളെ പോണ്ടിച്ചേരി എന്ന പേരിൽ ഇന്ത്യയുടെ അവിഭക്ത ഭാഗമായി വ്യവസ്ഥ ചെയ്തു. ലോക്സഭയിലേക്ക് യൂണിയൻ പ്രദേശങ്ങളുടെ പ്രാതിനിധ്യം 20-ൽ നിന്നും 25 ആക്കി ഉയർത്തി. ഹിമാചൽ പ്രദേശ്, മണിപ്പൂർ, ത്രിപുര, ഗോവ, ഡാമൻ, ഡ്യൂ, പോണ്ടിച്ചേരി എന്നീ കേന്ദ്ര പ്രദേശങ്ങളിൽ നിയമസഭ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തു.
- **പതിനെട്ടാം ഭേദഗതി (1966):-** പുതിയ സംസ്ഥാനങ്ങളായി പഞ്ചാബും ഹരിയാനയും രൂപീകരിച്ചു. ഒരു സംസ്ഥാനത്തിന്റെ ഒരുഭാഗം മറ്റൊരു സംസ്ഥാനത്തിനോടോ ഏതെങ്കിലും കേന്ദ്രഭരണ പ്രദേശത്തോടോ കൂട്ടിച്ചേർക്കാനും പാർലമെന്റിനെ അധികാരപ്പെടുത്തുന്നു.
- **പത്തൊൻപതാം ഭേദഗതി (1966):-** തെരഞ്ഞെടുപ്പുകളുടെ മേലന്വേഷണം ഹൈക്കോടതിയിൽ നിക്ഷിപ്തമാക്കി.
- **ഇരുപത്തൊന്നാം ഭേദഗതി (1967):-** ഈ ഭേദഗതിയിലൂടെ സിന്ധി ഭാഷയെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി.
- **ഇരുപത്തിരണ്ടാം ഭേദഗതി (1969):-** മേഘാലയയെ ആസാമിൽ നിന്നും വേർപെടുത്തി പുതിയ ഇന്ത്യൻ സംസ്ഥാനമാക്കി മാറ്റി.
- **ഇരുപത്തിയൊൻപതാം ഭേദഗതി (1972):-** കേരള ഭൂപരിഷ്കരണ നിയമങ്ങളെ (1969-ലെ 35-ഉം 1971-ലെ 25-ഉം ആക്ടു

കൾ) ഭരണഘടനയുടെ ഒൻപതാം പട്ടിക യിൽ ഉൾപ്പെടുത്തി.

- **മുപ്പത്തിയൊന്നാം ഭേദഗതി (1973):-** ലോക്സഭയിലെ അംഗസംഖ്യ 525-ൽ നിന്ന് 545 ആയി വർദ്ധിപ്പിച്ചു.
- **നാൽപ്പത്തിരണ്ടാം ഭേദഗതി (1976):-** ഏറ്റവും വിപുലമായ ഭേദഗതിയാണ് 42-ാ മത്തേത്. സോഷ്യലിസം, സെക്കുലറിസം എന്നിവ ആമുഖത്തിൽ ഉൾപ്പെടുത്തി. മൗലികാവകാശങ്ങളിലെ 31, 32 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തി. നിർദ്ദേശകതത്വങ്ങളിൽ 43, 48 വകുപ്പുകളിൽ ഭേദഗതി വരുത്തുകയും പുതിയ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. ഏഴാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള മൂന്ന് ലിസ്റ്റുകളിൽ ഭേദഗതികൾ വരുത്തി.
- **നാൽപ്പത്തിനാലാം ഭേദഗതി (1979):-** 22 (4) അനുച്ഛേദം ഭേദഗതി ചെയ്തു. കരുതൽ തടങ്കൽ ഉപാധികളിൽ മാറ്റം വരുത്തി. സ്വത്തവകാശത്തെ മൗലികാവകാശങ്ങളുടെ അദ്ധ്യായത്തിൽ നിന്ന് നീക്കം ചെയ്തു. 352-ാം അനുച്ഛേദത്തിൽ ആഭ്യന്തരകലാപം (Internal disturbance) എന്നതിനു സായുധ വിപ്ലവം (Armed rebellion) എന്നാക്കി.
- **നാൽപ്പത്തിയൊൻപതാം ഭേദഗതി (1984):-** മേഘാലയ, ത്രിപുര എന്നിവ സംസ്ഥാന പദവി നേടി.
- **അമ്പത്തിയാറാം ഭേദഗതി (1987):-** ഗോവ സംസ്ഥാന രൂപീകരണത്തെക്കുറിച്ചും നിയമസഭയിലെ അംഗസംഖ്യ 40 ആയിരിക്കണമെന്ന വ്യവസ്ഥയും സംബന്ധിച്ച്.
- **അറുപത്തിയൊന്നാം ഭേദഗതി (1989):-** വോട്ടിംഗ് പ്രായം 21-ൽ നിന്നും 18 വയസ്സാക്കി കുറച്ചു.
- **എഴുപതാം ഭേദഗതി (1992):-** ഡൽഹിക്ക് 'സംസ്ഥാന' പദവി നൽകുന്നത്
- **എഴുപത്തിയൊന്നാം ഭേദഗതി (1992):-** കൊങ്കണി, മണിപ്പൂരി, നേപ്പാളി എന്നീ ഭാഷകൾ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി. ഇതോടെ ഔദ്യോഗിക ഭാഷകൾ 18 ആയി.
- **എഴുപത്തിമൂന്നാം ഭേദഗതി (1993):-** ഭരണഘടനയുടെ IX-ാം ഭാഗത്തിൽ പഞ്ചായത്ത് രാജ് ഉൾപ്പെടുത്തി. ഇതിൻപ്രകാരം പതിനൊന്നാം ഷെഡ്യൂൾ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചുള്ളതായിരിക്കും.
- **എഴുപത്തിനാലാം ഭേദഗതി (1993):-** മുൻസിപ്പാലിറ്റികളെ സംബന്ധിക്കുന്ന ഒരു പുതിയ ഭാഗം (IXA) ഭരണഘടനയിൽ കൂട്ടിച്ചേർത്തു. 12-ാം ഷെഡ്യൂൾ ഭരണഘടനയിൽ ഉൾപ്പെടുത്തി.
- **എഴുപത്തിയൊൻപതാം ഭേദഗതി (1999):-**പട്ടിക ജാതി/വർഗ സംവരണവും ആംഗ്ലോ ഇന്ത്യൻ നോമിനേഷനും, ലോക്സഭാ തെരഞ്ഞെടുപ്പുകളിലേക്ക്, 2010 വരെ നീട്ടി.
- **എൺപത്തിനാലാം ഭേദഗതി (2000):** ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ഉത്തരാഞ്ചൽ എന്നീ പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്.
- **എൺപത്തിയഞ്ചാം ഭരണഘടനാ ഭേദഗതി (2002):** ആക്ട് പ്രകാരം, സർക്കാർ ജീവനക്കാരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക്, സംവരണ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റത്തിന് തജ്ജന്യമായ സീനിയോറിട്ടി (consequential seniority) ലഭിക്കും. 1995 ജൂൺ മുതൽ പ്രാബല്യമുണ്ടായിരിക്കും.
- ഏതൊരു ഇന്ത്യൻ പൗരനും ദേശീയപതാക ഉപയോഗിക്കുന്നതിനുള്ള അവകാശം നിഷേധിക്കുന്ന ഫ്ളാഗ്കോഡ് 2002 ജനുവരി 26-ന് ഭേദഗതി ചെയ്തു.
- **86-ാം ഭേദഗതി (2002):** 21A- എന്ന വകുപ്പ് രൂപീകരിച്ചു കൊണ്ട് വിദ്യാഭ്യാസം മൗലികാവകാശമാക്കി.
- **91-ാം ഭേദഗതി (2003):** ഈ ഭേദഗതി നിയമപ്രകാരം മന്ത്രിസഭാംഗങ്ങളുടെ എണ്ണം സഭയുടെ ആകെ അംഗങ്ങളുടെ 15 ശതമാനം മാത്രമേ ആകാവൂ.
- **92-ാം ഭേദഗതി (2003):** ഇതിൻ പ്രകാരം ബോഡോ, മൈഥിലി, സാന്താലി, ദോഗ്രി എന്ന് നാല് ഭാഷകൾ 8-ാം പട്ടികയിൽ ഉൾപ്പെടുത്തി. ഇതോടൊപ്പം ഭരണഘടന അംഗീകരിച്ച ഭാഷകൾ 22 ആയി.
- **93-ാം ഭേദഗതി (2006):** സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പിന്നോക്കവിഭാഗത്തിലേയും പട്ടികജാതി/വർഗ്ഗ വിഭാഗത്തിലെയും കുട്ടികൾക്ക് അഡ്മിഷന് സംവരണം ഏർപ്പെടുത്തി.

# കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

- ഇന്ത്യൻ ഭരണഘടനയുടെ 148-ാം അനുഛേദ (Article) പ്രകാരം ഇന്ത്യൻ പ്രസിഡന്റാണ് Comptroller & Auditor General നെ നിയമിക്കുന്നത്.
- സ്വതന്ത്ര പദവിയുള്ള ഇദ്ദേഹം ഓഡിററ് ആന്റ് അക്കൗണ്ട്സ് വിഭാഗത്തിന്റെ തലവനാണ്.
- കംപ്ട്രോളർ ആന്റ് ഓഡിററർ ജനറലിന്റെ ഔദ്യോഗിക കാലാവധി ആറു വർഷമാണ്.
- കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും വരവുചെലവു കണക്കുകളിൽ മേൽനോട്ടം വഹിക്കുക, കണക്കുകൾ പരിശോധിക്കുക, പണം ദുർവിനിയോഗം ചെയ്യുന്ന കേസുകൾ വെളിച്ചത്തു കൊണ്ടുവരിക, ഗവൺമെന്റുമായി ബന്ധപ്പെട്ട കേസുകൾ നിയമനിർമ്മാണ സഭയ്ക്ക് സമർപ്പിക്കുക എന്നിവയാണ് ഇദ്ദേഹത്തിന്റെ പ്രധാന ചുമതലകൾ.
- കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലാണ് പൊതു ഖജനാവിന്റെ 'വാച്ച് ഡോഗ്' എന്നറിയപ്പെടുന്നത്.
- ഇന്ത്യയുടെ പ്രഥമ C A G - നരഹരി റാവു.
- നിലവിൽ ഇന്ത്യയുടെ C A G വിനോദ് റായ്
- 1919-ലെ ഇന്ത്യാ ഗവണ്മെന്റ് നിയമപ്രകാരമാണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന് നിയമപരമായ അംഗീകാരം ആദ്യമായി ലഭിച്ചത്.
- 151-ാം അനുച്ഛേദ പ്രകാരം, സി.എ.ജി. റിപ്പോർട്ട് സമർപ്പിക്കുന്നത് രാഷ്ട്രപതിക്കാണ്, സംസ്ഥാനങ്ങളുടേത് ഗവർണർമാർക്കും.

---

### അറ്റോർണി ജനറൽ

- നിയമപരമായ കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിനെ ഉപദേശിക്കാനും രാഷ്ട്രപതി അനുശാസിക്കുന്ന നിയമസ്വഭാവമുള്ള മറ്റ് കർത്തവ്യങ്ങൾ നിർവഹിക്കാനും അറ്റോർണി ജനറലിനെ ഭരണഘടന വ്യവസ്ഥ ചെയ്തിരിക്കുന്നു.
- അറ്റോർണി ജനറലിന് ഇന്ത്യൻ സുപ്രീംകോടതിയിലെ ഒരു ജഡ്ജിയുടെ യോഗ്യതകളുണ്ടായിരിക്കണം. രാഷ്ട്രപതിയാണ് അദ്ദേഹത്തെ നിയമിക്കുന്നത്.
- ഇപ്പോഴത്തെ അറ്റോർണി ജനറൽ ഗൂലം ഇ വഹൻവതിയാണ്.

### യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ

- ഭരണഘടനയിലെ 315 മുതൽ 323 വരെയുള്ള വകുപ്പുകൾ പ്രകാരമാണ് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ രൂപംകൊണ്ടിരിക്കുന്നത്.
- ചെയർമാനേയും അംഗങ്ങളേയും രാഷ്ട്രപതി നിയമിക്കുന്നു. എന്നാൽ സംസ്ഥാനങ്ങളിലെ പി.എസ്.സിയുടെ അംഗങ്ങളെ ഗവർണറാണ് നിയമിക്കുന്നത്.
- ആറു വർഷമാണ് യുപിഎസ്സിയുടെ അംഗങ്ങളുടെ പ്രായപരിധി 65 വയസാണ്.
- 1925 മുതൽ തന്നെ യു.പി.എസ്.സി നിലവിലുണ്ടായിരുന്നു.
- ഐ.സി.എസ്. ഓഫീസർമാരെ ഇന്ത്യയിൽ തെരഞ്ഞെടുത്തിരുന്നത് യു.പി.എസ്.സി നടത്തിയ പരീക്ഷയിലൂടെ ആയിരുന്നു.
- ആദ്യചെയർമാൻ സർ റോസ് ബാർക്കർ (1926 - 32) ആയിരുന്നു.

### ഭരണപരിഷ്കരണ കമ്മിറ്റി

ഇന്ത്യൻ സിവിൽ സർവ്വീസിനെ അഴിച്ചുപണിയുന്നതിനു വേണ്ടി കേന്ദ്രതലത്തിൽ രൂപീകൃതമായ കമ്മിറ്റിയാണ് ഭരണ പരിഷ്ക്കരണ കമ്മിറ്റി. കേന്ദ്ര നിയമ മന്ത്രി വീരപ്പ മൊയ്‌ലിയായിരുന്നു കമ്മിറ്റിയുടെ ചെയർമാൻ.

### ഓവർസൈറ്റ് കമ്മീഷൻ

മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (OBC) കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം നടപ്പാക്കുന്നതിന് സ്ഥാപിതമായ കമ്മറ്റിയാണ് ഓവർസൈറ്റ് കമ്മിറ്റി.

# കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ

## ലിസ്റ്റുകൾ

- ഭരണഘടനയുടെ ഏഴാം പട്ടിക യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെ മൂന്ന് ലിസ്റ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നു.
- യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ് എന്നിവയ്ക്ക് ഇന്ത്യൻ ഭരണഘടന കനേഡിയൻ ഭരണഘടനയോട് കടപ്പെട്ടിരിക്കുന്നു.
- കൺകറന്റ് ലിസ്റ്റ് എന്ന ആശയം ആസ്ട്രേലിയയിൽ നിന്നുമാണ് കടം കൊണ്ടിട്ടുള്ളത്.

## യൂണിയൻ ലിസ്റ്റ്

- കേന്ദ്ര ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്ന ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- യൂണിയൻ ലിസ്റ്റിൽ 97 ഇനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ നിലവിൽ 99 വിഷയങ്ങൾ ഉണ്ട്.
- പൗരത്വം, റെയിൽവേ, പ്രതിരോധം, വിദേശകാര്യം, രാജ്യരക്ഷ,കറൻസി, പോസ്റ്റ് ഓഫീസ്, ടെലിഗ്രാഫ് തുടങ്ങിയവ യൂണിയൻ ലിസ്റ്റിൽ പെടുന്നു.
- കേന്ദ്ര സർക്കാറിന്റെ അധികാരങ്ങൾ പ്രതിപാദിക്കുന്നത് യൂണിയൻ ലിസ്റ്റിൽ
- സെൻസസ് യൂണിയൻ ലിസ്റ്റിൽ പെടുന്നു

## സ്റ്റേറ്റ് ലിസ്റ്റ്

- പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം സംസ്ഥാന ഗവൺമെന്റുകൾക്കാണ്.
- സ്റ്റേറ്റ് ലിസ്റ്റിൽ 66 വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു എന്നാൽ നിലവിൽ 61 വിഷയങ്ങളാണുള്ളത്.
- പൊതുജനാരോഗ്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, സംസ്ഥാന പി.എസ്.സി., കൃഷി എന്നിവ സംസ്ഥാന ലിസ്റ്റിൽ പെടുന്നു.

## കൺകറന്റ് ലിസ്റ്റ്

- 47 ഇനങ്ങളാണ് ഇതിലുൾപ്പെടുത്തിയിരുന്നത്, നിലവിൽ 52 വിഷയങ്ങളുണ്ട്.
- പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും നിയമനിർമ്മാണം നടത്താൻ അധികാരമുള്ള പൊതുലിസ്റ്റിനെ കൺകറന്റ് ലിസ്റ്റ് എന്നു പറയുന്നു.
- കൺകറന്റ് ലിസ്റ്റിലെ ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ തീരുമാനങ്ങൾക്കായിരിക്കും കൂടുതൽ പ്രാധാന്യം.
- വിദ്യാഭ്യാസം, വിവാഹവും വിവാഹമോചനവും, വിലനിയന്ത്രണം, പത്രങ്ങൾ മുതലായവ കൺകറന്റ് ലിസ്റ്റിലെ വിഷയങ്ങളാണ്.
- കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാന നിയമം യൂണിയൻ നിയമത്തോട് യോജിക്കാതെ വന്നാൽ യൂണിയൻ നിയമമാണ് പ്രാബല്യത്തിൽ വരുന്നത്.
- കൺകറന്റ് ലിസ്റ്റിലാണ് ക്രിമിനൽ നിയമം ഉൾപ്പെടുത്തിയിരിക്കുന്നത്.
- കേന്ദ്ര സംസ്ഥാന ബന്ധത്തെക്കുറിച്ചു പഠിച്ച കമ്മീഷൻ : സർക്കാരിയ കമ്മീഷൻ
- കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധത്തെക്കുറിച്ച് പഠിക്കുന്ന കമ്മീഷൻ: കേന്ദ്ര ധനകാര്യ കമ്മീഷൻ